Deivarajyam July 2017
● R.N.7623/63
Registered No. KL/ALY/0020/2017-2019 ● R.N. 7623/1963
Date of publication: 1/7/2017
● Posted at Thodupuzha Stg.
Annual Subscription ₹ 100.00





Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

ജൂലൈ 2017 വാല്യം 56 ലക്കം 7

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ



# ആദരാഞ്ജലികൾ




കോട്ടയം അതിരൂപതയുടെ
മുൻ രൂപതാദ്ധ്യക്ഷൻ ദിവംഗതനായ
അഭിവന്ദ്യ മാർ കുര്യാക്കോസ് കുന്നശേരി
പിതാവിന് കോതമംഗലം രൂപതയുടെ
ആദരാഞ്ജലികൾ

ദൈവരാജ്യം

EPARCHY OF KOTHAMANGALAM

LOVE NEVER ENDS



*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor, Printer & Publisher*
**Rev. Dr. George Thekkekara**

**വാല്യം 56**
**ജൂലൈ 2017**
**ലക്കം 7**

The Eparchial Curia
Bishop's House, P.B. No.6
Kothamangalam - 686 691
Mob. 8281946306
bishophouseklm@gmail.com

## ഉള്ളടക്കം


| | പേജ് |
|---|---|
| സർക്കുലർ | 5 |
| യുവജനദിനം | |
| രൂപതക്കച്ചേരി | 10 |
| മൈനർ സെമിനാരി | 16 |
| വിജ്ഞാനഭവൻ | 17 |
| വിദ്യാഭ്യാസം | 23 |
| തിരുബാലസഖ്യം | 25 |
| ചെറുപുഷ്പമിഷൻലീഗ് | 26 |
| കെ.സി.എസ്.എൽ. | 28 |
| ദീപിക ഫ്രണ്ട്സ് ക്ലബ്ബ് | 30 |
| സോഷ്യൽ സർവീസ് | 32 |
| യുവദീപ്തി | 32 |
| ജീസസ് യൂത്ത് | 33 |
| ഫാമിലി അപ്പോസ്റ്റലേറ്റ് | 34 |
| മാതൃവേദി | 36 |
| ഡി.സി.എം.എസ് | 36 |
| എ.കെ.സി.സി. | 37 |
| എമ്മാനുവേൽ ധ്യാനകേന്ദ്രം | 38 |
| പ്രാർത്ഥനാഗ്രൂപ്പ് | 39 |
| അല്മായ ഫ്രാൻസിസ്കൻ സഭ | 40 |
| സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി | 41 |
| നെസ്റ്റ് പ്രോഗ്രാം | 42 |
| തിരുനാൾ മംഗളങ്ങൾ | 43 |
| വാർത്തയും വിശേഷങ്ങളും | 44 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 45 |
| ബിഷപ്പ്സ് പ്രോഗ്രാം | 49 |
| പ്രാർത്ഥനയിൽ ഓർക്കാം | 49 |
| നിര്യാതരായി | 50 |




## ഓർമ്മിക്കാൻ

### ജൂലൈ 2017

3 – സഭാദിനം

5 – ക്യാൻസർ രോഗികളുടെ സംഗമം

5-7 – Pre-Marriage Course

9 – യുവജനദിനം

15 – Bible and Theological Studies Inauguration

19-21 – Pre-Marriage Course

25-26 – Young Priests' Seminar

## തിരുനാളുകൾ

| | | |
|---|---|---|
| 03 | : | മാർ തോമ്മാശ്ലീഹായുടെ ദുക്റാന തിരുനാൾ |
| 10 | : | കർത്താവിന്റെ എഴുപത് ശിഷ്യന്മാർ |
| 11 | : | വി. ബനഡിക്ട് |
| 12 | : | പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ |
| 15 | : | വി. കുര്യാക്കോസും വി. ജൂലിറ്റായും |
| 16 | : | കർമ്മലമാതാവിന്റെ തിരുനാൾ |
| 17 | : | നിസിബിസിലെ വി. യാക്കോബ് |
| 24 | : | മാർ അദ്ദായിയുടെ ശിഷ്യൻ മാർ മാറി |
| 25 | : | വി. യാക്കോബ് ശ്ലീഹ<br>വി. ജൊവാക്കിമും വി. അന്നയും |
| 28 | : | വി. അൽഫോൻസ |
| 29 | : | വി. മർത്താ |
| 31 | : | വി. ഇഗ്നേഷ്യസ് ലയോള |

Ref: 3034/K-5/KCBC/OL/DS 17.06.2017

# യുവജനദിനം 2017

## ജൂലൈ 9, ഞായർ

## കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയമുള്ള യുവജനങ്ങളേ, സഹോദരീസഹോദരന്മാരേ!

ഒരു യുവജനദിനം കൂടി നാം ആഘോഷിക്കുകയാണ്. ഈ ആചരണം യുവതീ-യുവാക്കളുടെ വിശ്വാസത്തിന്റെ ആഘോഷം തന്നെയാണ്. സ്വാതന്ത്ര്യം അഭിലഷിക്കുന്ന യുവജനം പ്രതീക്ഷകളിൽ നിന്നു യാഥാർത്ഥ്യങ്ങളിലേക്കുള്ള ദീർഘദൂരം ഗതിവേഗതയോടെ താണ്ടുമ്പോൾ അവർക്കു സംഭവിക്കുന്ന സാരമായ നഷ്ടങ്ങൾ പരിഹരിക്കാൻ സഹായിക്കുന്ന ചില ചിന്തകളാണ് പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പ 2018 ഒക്ടോബറിൽ നടക്കാനിരിക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ 15-ാം സാധാരണ പൊതുസമ്മേളനത്തിനുവേണ്ടിയുള്ള ഒരുക്കരേഖയിൽ പങ്കുവയ്ക്കുന്നത്.

മൂന്നു തലത്തിലുള്ള നിർദ്ദേശങ്ങളാണ് തയ്യാറെടുപ്പുരേഖയിൽ സൂചിപ്പിച്ചിട്ടുള്ളത്. ഒന്നാമതായി യുവജനങ്ങൾ വളരുകയും, അവർ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്ന ലോകത്തിന്റെ സാമൂഹികവും സാംസ്ക്കാരികവുമായ ചില സ്വയംചാലകപ്രവർത്തനങ്ങളുടെ സംഗ്രഹം. രണ്ടാമതായി, യുവജനങ്ങൾക്ക് വിശ്വാസത്തിന്റെ വെളിച്ചത്തിൽ തങ്ങളുടെ ജീവിതാന്തസ്സ് തിരഞ്ഞെടുക്കാൻ സഹായിക്കുന്ന ചില ചുവടുവയ്പുകൾ. അവസാനമായി, യുവജനങ്ങൾക്കു വേണ്ടിയുള്ള അജപാലനപരവും വിളിപരവുമായ പദ്ധതിയുടെ മുഖ്യ ഘടകങ്ങൾ.

### 1. ആധുനിക ലോകത്തിലെ യുവജനങ്ങൾ

സഭയുടെ യുവത്വം അതിലെ യുവജനങ്ങളാണ്. ക്രിസ്തുവിന്റെ ഹൃദയം സ്വന്തമാക്കിയവർക്കേ ദൈവസ്നേഹത്തിന്റെ യുവജന സാക്ഷികളായി സഭയുടെ യുവത്വം നിലനിർത്താനാകൂ. യുവജനങ്ങൾ



വിശ്വാസതത്പരതയിലും ദൈവസ്നേഹതീക്ഷ്ണതയിലും വളരണം. ധാർമിക സമഗ്രതയുള്ള യുവജനങ്ങൾ സഭയിലും സമൂഹത്തിലും ഉണ്ടാവണം. എന്നാൽ ലോകത്തെ പിടികൂടിയിട്ടുള്ള ആധ്യാത്മികവും, സാംസ്കാരികവും ധാർമികവുമായ ജീർണതയുടെ ആദ്യത്തെ ഇരകൾ ഇന്നത്തെ യുവജനങ്ങളാണ്. ജീവിതത്തെ വളരെ നിസ്സാരമായി കരുതി ജീവിക്കുന്നവരാണ് ഇന്നത്തെ യുവജനങ്ങൾ എന്ന പ്രതീതി ഉണ്ടാകുന്നു. യുവജനങ്ങളുടെ ഇടയിലെ ആത്മീയ നിർജ്ജീവത്വവും മൂല്യശോഷണവും അപകടകരമായി വർധിക്കുന്നു. പണത്തിന്റെ ലഭ്യതയും ആഡംബരജീവിതഭ്രമവും നവമാധ്യമ സ്വാധീനവും ആധുനിക ലോകത്തിലെ യുവജനങ്ങളെ വഴിതെറ്റിക്കുന്നു. തിന്മയിലേക്ക് ചാഞ്ഞിരിക്കുന്ന ലോകത്തെ നന്മയിലേക്ക് നയിക്കാൻ യുവജനങ്ങൾക്ക് കഴിയണം. അതിനായി യുവജനങ്ങൾ യേശു സ്നേഹത്തിന്റെയും കരുണയുടെയും പ്രയോക്താക്കളായി മാറണം.

### 2. വിശ്വാസവും വിളിയും

ക്രിസ്തീയ ജീവിതം വിശ്വാസത്തിലൂന്നിയ ജീവിതമാണ്. യേശു കണ്ടതുപോലെ കാര്യങ്ങളെ കാണുകയെന്നതാണ് വിശ്വാസം (Lumen Fidei 18). വിളിപരമായ വിവേചിച്ചറിയലിന്റെ ഉറവിടം വിശ്വാസമാണ്. അങ്ങനെ വിശ്വാസവും വിളിയും തമ്മിൽ ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. അബ്രാഹത്തിന്റെ ആഴമായ വിശ്വാസത്തിൽ നിന്നാണ് അവന് വിളി ലഭിച്ചത്. ആ വിളിയിൽ ശ്രദ്ധേയമായ ഒരു വാഗ്ദാനം നാം കാണണം. “നിന്നെ ഞാൻ അനുഗ്രഹിക്കും... നീ ഒരനുഗ്രഹമായിരിക്കും” (ഉത്പ 12:2-3). യുവജനങ്ങൾ ദൈവത്തിന്റെ അനുഗ്രഹം പ്രാപിച്ച് സമൂഹത്തിന് അനുഗ്രഹമായി മാറണം.

വിശ്വാസം ഭീരുവിനുള്ള അഭയകേന്ദ്രമല്ല. മറിച്ച് ഹൃദയങ്ങളെ ഉദ്ദീപിപ്പിക്കുന്ന ശക്തിയാണ്. വിശ്വാസം എന്നത് വഴിയും സത്യവും ജീവനുമായ (യോഹ 14:6) ദൈവത്തോട് സംവദിക്കുക എന്നതാണ്. അത് ദൈവവചനത്തിന്റെ സന്തോഷം അനുദിനജീവിതത്തിൽ അനുഭവിച്ചുകൊണ്ട് വിശ്വാസബോധ്യത്തിൽ വളരുന്നതാണ്. ഈ സംവാദം നടക്കുന്ന സ്ഥലം മനസ്സാക്ഷിയാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ മനസ്സാക്ഷി മനുഷ്യന്റെ ഏറ്റവും രഹസ്യാത്മകമായ ശ്രീകോവിലാണ് (Gaudium et Spes-16). ദൈവം

വിളിയിലൂടെ നല്കുന്ന സന്തോഷവും ഓരോ വ്യക്തിയും ആഗ്രഹിക്കുന്ന സന്തോഷവും വസ്തുനിഷ്ഠമായ രൂപത്തിൽ മനസ്സിലാക്കാൻ ഓരോ മനുഷ്യനും സാധിക്കുകയില്ല. നമ്മുടെ ജീവിതത്തിന് മഹത്തരമായ ലക്ഷ്യം നല്കുന്ന വിളികളെ നാം തിരിച്ചറിയുന്നത് ചില ഉൾപ്രചോദനത്തിൽ നിന്നുമാണ്. എല്ലാ വിളികളും പൂർണതയിലേക്കുള്ള വിളിയാണ്. "എന്റെ സ്വർഗസ്ഥനായ പിതാവ് പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ" (മത്താ. 5/45) പരിപൂർണ്ണത എന്നു പറയുന്നത് സ്നേഹത്തിന്റെ തികവാണ്. അതായത്, എല്ലാ വിളിയും ദൈവസ്നേഹത്തിലേക്ക് അടുക്കാനുള്ള ക്ഷണമാണ്. ദൈവവും മനുഷ്യനുമായുള്ള സ്നേഹബന്ധം ഒരു വലിയ രഹസ്യമാണ്. ഈ രഹസ്യം ഉൾവിളിയോട് പൂർണമായ വിശ്വസ്തത പുലർത്തി കടലോളം കാരുണ്യമുള്ളവരായി ജീവിക്കാൻ സഹായിക്കുന്നു. രഹസ്യാത്മകത ഉൾക്കൊള്ളുന്ന ഈ സ്നേഹബന്ധമാണ് മദർ തെരേസയെ ലോകത്തിന്റെ അമ്മയും വിശുദ്ധയുമാക്കി മാറ്റിയത്. വിശ്വാസം വിശുദ്ധീകരണത്തിനും വിളി ദൗത്യത്തിനുമാണ്.

യുവജനങ്ങളുടെ ബന്ധങ്ങളും സൗഹൃദങ്ങളും ഓൺലൈൻ ആയിക്കഴിഞ്ഞിരിക്കുന്നു. പരസ്പര സാമിപ്യം ആവശ്യമില്ലാത്ത ഇലക്ട്രോണിക് ബന്ധങ്ങൾ! മറ്റുള്ളവരുടെ ഇഷ്ടങ്ങൾക്കും (Likes) അഭിപ്രായങ്ങൾക്കും (Comments) പ്രാധാന്യം നല്കി സ്വന്തം ജീവിതത്തെ ക്രമീകരിക്കാൻ ബദ്ധപ്പെടുന്ന യുവജനങ്ങളുണ്ട്. സാമൂഹിക മാധ്യമങ്ങൾ തീർക്കുന്ന സ്വപ്നലോകത്ത് അന്യോന്യബന്ധമില്ലാതെ ജീവിക്കാൻ ആഗ്രഹിക്കുന്ന യുവ സുഹൃത്തുക്കൾക്ക് വിശ്വാസത്തെയും വിളിയെയും ഗാഢമായി ബന്ധപ്പെടുത്തി ജീവിക്കാനോ അതിന് പ്രത്യുത്തരം നല്കാനോ പ്രയാസമാണ്. ഇത്തരം യുവജനങ്ങൾ ജീവിതം പാതിവഴിയിൽ വേർപെട്ടവരായി മാറുന്നു. മനുഷ്യൻ ഏറ്റവും മോശമായത് ചെയ്യുവാൻ കഴിവുള്ളനായിരിക്കുമ്പോൾത്തന്നെ നന്മയെ വീണ്ടും തിരഞ്ഞെടുത്തുകൊണ്ടും പുതുതായി തുടങ്ങിക്കൊണ്ടും മാനസികവും സാമൂഹികവുമായ അവരുടെ വ്യവസ്ഥിതികൾക്കെതിരായി അവയ്ക്ക് അതീതമായി ഉയരാൻ കഴിവുള്ളവരാണ് (ലാവുദാത്തൊ സി, 205)



**3. വിവേചിച്ചറിയൽ എന്ന ദാനം**

ഒരു വ്യക്തി ദൈവത്തോട് സംവദിച്ചുകൊണ്ടും പരിശുദ്ധാത്മാവിന്റെ ശബ്ദം ശ്രവിച്ചുകൊണ്ടും ഒരുവന്റെ ജീവിതാവസ്ഥയെക്കുറിച്ചുള്ള തിരഞ്ഞെടുപ്പിൽ തുടങ്ങി, അടിസ്ഥാന പരമായ തെരഞ്ഞെടുപ്പുകൾ നടത്തുന്ന പ്രകിയയാണത്. അനിശ്ചിത സാഹചര്യങ്ങളിലും ആന്തരികശക്തികളുടെ സംഘർഷങ്ങളുടെ മുമ്പിലും തീരുമാനങ്ങളെടുക്കുകയും പ്രവൃത്തികളെ നയിക്കുകയും ചെയ്യുന്നിടത്താണ് വിവേചിച്ചറിയൽ പ്രക്രിയ നടക്കുന്നത്. വിവേചിച്ചറിയൽ എന്ന ശ്രേഷ്ഠമായ പ്രയോഗം സഭയുടെ പാരമ്പര്യത്തിലുള്ളതാണ്. നല്ലതിനെ മോശമായതിൽ നിന്ന് തിരിച്ചറിയുക, പ്രലോഭനങ്ങളെ തിരിച്ചറിഞ്ഞ് ഉപേക്ഷിക്കുക എന്നിവയെല്ലാം വിവേചിച്ചറിയലിലെ വ്യത്യസ്ത രൂപങ്ങളാണ്. സുവിശേഷത്തിന്റെ സന്തോഷം എന്ന അപ്പസ്തോലിക പ്രബോധനത്തിൽ വിവേചിച്ചറിയൽ വിവരിക്കാൻ മൂന്നു വാക്കുകൾ ഉപയോഗിക്കുന്നുണ്ട്. തിരിച്ചറിയുക, വ്യാഖ്യാനിക്കുക, തിരഞ്ഞെടുക്കുക എന്നിവയാണ് അവ.

യുവജനങ്ങളെ സ്വയം കണ്ടെത്താൻ സഹായിക്കണം. അതിന് അവരെ മനസ്സിലാക്കണം. അവരുടെ വൈകാരിക പ്രത്യേകതകൾ തിരിച്ചറിയണം. ദൈവത്തോട് അടുത്തുനിൽക്കുന്ന യുവജനങ്ങളിൽ ദൈവീക കൃപ പ്രകടമാകും. അവർക്കേ ദൈവത്തെപ്പോലെ മറ്റുള്ളവരെ ആകർഷിക്കാനാകൂ. മോശയെപ്പോലെ ദൈവത്തിന്റെ മുഖത്ത് നോക്കിക്കൊണ്ട് യാത്രചെയ്യാനും യോഹന്നാൻ ശ്ലീഹായെപ്പോലെ യേശുവിന്റെ മാറിൽ ചാരിക്കിടക്കാനും മഹാപുരോഹിതനായ യേശുവിനെപ്പോലെ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റാനും തയ്യാറാകുന്നവർക്കു മാത്രമേ വിവേചിച്ചറിയൽ എന്ന ദാനം പൂർണമായി നേടാൻ പറ്റൂ. "ദൈവത്തെ കൂടാതെയുള്ള ധാർമ്മികതയ്ക്കു നിലനില്പില്ല" (ഫുൾട്ടൻ ജെ ഷീൻ). "ധാർമ്മികതയ്ക്ക് നിലനിൽപ്പുണ്ടാകണമെങ്കിൽ ഒരു അടിത്തറ വേണം; നന്മ തിന്മകളെ വിലയിരുത്തുന്ന ഒരു ദൈവം" (ഇമ്മാനുവേൽ കാന്റ്). സമൂഹത്തിലെ ജീർണ്ണതകളിൽ അസ്വസ്ഥരാകുന്ന ഇന്നത്തെ യുവജനങ്ങൾക്ക് വ്യക്തമായ ദിശാബോധം നൽകുന്ന മൂന്നു കാര്യങ്ങളാണ് പരിശുദ്ധ ഫ്രാൻസീസ് പാപ്പ നമ്മെ ഓർമപ്പെടുത്തുന്നത്. വിശ്വാസവും വിളിയും വിവേചിച്ചറിയലുമാണവ.

**ഉപസംഹാരം**

2018 ഒക്ടോബറിൽ നടക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ 15-ാം സാധാരണ പൊതുസമ്മേളനത്തിനുവേണ്ടിയുളള ഒരുക്ക രേഖ ഇതിനോടകം എല്ലാ രൂപതകളിലും ലഭ്യമാക്കിയിട്ടുണ്ട്. ഈ ഒരുക്കരേഖയിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും കേരളത്തിലെ 31 രൂപതകളിലെയും യൂത്ത് കമ്മീഷന്റെ നേതൃത്വത്തിലും കെ.സി. വൈ.എം.ന്റെ ആഭിമുഖ്യത്തിലും, ഇതര യുവജന പ്രസ്ഥാനങ്ങളുടെ കൂട്ടായ്മയിലും പഠനവിധേയമാക്കണമെന്ന് താത്പര്യപ്പെടുന്നു. ഈ പഠനത്തിന്റെ വെളിച്ചത്തിൽ കെ.സി.ബി.സി. യൂത്ത് കമ്മീഷന്റെ നേതൃത്വത്തിൽ ഒരു യുവജന മാർഗരേഖ തയ്യാറാക്കാൻ ആഗ്രഹിക്കുന്നു. പ്രസ്തുത മാർഗരേഖയ്ക്ക് ആവശ്യമുള്ള കാര്യങ്ങൾ കെ.സി. ബി.സി യുവജന കാര്യാലയത്തിൽ കഴിവതും വേഗം നല്കണമെന്ന് ഓർമിപ്പിക്കുന്നു. കേരളത്തിലെ യുവജനപ്രവർത്തനങ്ങൾക്ക് വ്യക്തിഗതമായും സഭാതലത്തിലും സംസ്ഥാനതലത്തിലും ത്യാഗോജ്ജ്വലമായി പ്രവർത്തിക്കുന്ന ഡയറക്ടർ അച്ചന്മാരെയും ആനിമേറ്റേഴ്സ് ആയി ശുശ്രൂഷചെയ്യുന്ന സന്ന്യാസിനിമാരെയും എല്ലാ യുവജന പ്രവർത്തകരെയും വിശ്വാസികളെയും പ്രത്യേകം അഭിനന്ദിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പ്രാർത്ഥനാപൂർവം,

**ഡോ. ജോസഫ് മാർ തോമസ്**
(ചെയർമാൻ, കെ.സി.ബി.സി. യൂത്ത് കമ്മീഷൻ)

**മാർ ജോർജ് മത്തിക്കണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. യൂത്ത് കമ്മീഷൻ)

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. യൂത്ത് കമ്മീഷൻ)

**N.B.** 2017 ജൂലൈ 9-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.



# രൂപതക്കച്ചേരി

*C. 78 /2017* **സഭാദിന പിരിവ്**

സീറോ മലബാർ സഭയുടെ കേന്ദ്രകാര്യാലയത്തിന്റെ ആവശ്യങ്ങൾക്കായി സഭാംഗങ്ങൾ വർഷംതോറും നൽകിവരുന്ന സഭാദിനപിരിവ് ആളോഹരി 2 രൂപ പ്രകാരം രൂപതാ കേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്. ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

*Bishop*

*C. 79/2019* **അജപാലന സന്ദർശനം**

കദളിക്കാട് - ജൂലൈ 16
മുളപ്പുറം - ജൂലൈ 23

*Bishop*

*C. 80 /2017* **ദൈവവിളി പ്രോത്സാഹന സെമിനാർ**

9,10,11,12 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്നവരും പൗരോഹിത്യ ദൈവവിളിയോട് അഭിരുചിയുള്ളവരുമായ വിദ്യാർത്ഥികൾക്കായി ഒരു ഏകദിന സെമിനാർ എല്ലാ ഫൊറോനകളിലും നടത്തുവാൻ ദൈവവിളി പ്രോത്സാഹനാർത്ഥം മൈനർ സെമിനാരിയിൽ ചേർന്ന സമ്മേളനത്തിൽ തീരുമാനിച്ചു. സെമിനാർ ഞായറാഴ്ച രാവിലെ 10 മണിക്കുള്ള കുർബാനയോടുകൂടി ആരംഭിക്കും. കുർബാനയെത്തുടർന്ന് പൗരോഹിത്യദൈവവിളിയെ അറിയുവാനും വളർത്തുവാനും സഹായകമായ ക്ലാസ്സുകൾ ഉണ്ടായിരിക്കും. ബഹു. വികാരിയച്ചൻമാർ പ്രസ്തുത സെമിനാറിലേയ്ക്ക് കുട്ടികളെ പറഞ്ഞയയ്ക്കുമല്ലോ.

ഈ ഏകദിനസെമിനാർ സംഘടിപ്പിക്കാനും ഫൊറോനാതലത്തിലെ ദൈവവിളിപ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനുമായി താഴെ പറയുന്ന അച്ചന്മാരെ ഫൊറോന ദൈവവിളി പ്രമോട്ടർമാരായി നിശ്ചയിച്ചിരിക്കുന്നു.

ആരക്കുഴ - റവ ഫാ. എമ്മാനുവൽ മുണ്ടയ്ക്കൽ
കാളിയാർ - റവ ഫാ. ജോസഫ് താണിക്കൽ
കരിമണ്ണൂർ - റവ ഫാ. ജോസ് ചിരപ്പറമ്പിൽ
കോതമംഗലം - റവ ഫാ. ജോൺ വടക്കൻ
മൈലക്കൊമ്പ് - റവ ഫാ. ജോസഫ് കപ്യാരുമലയിൽ

| | | |
|---|---|---|
| മാറിക | - | റവ ഫാ. സെബാസ്റ്റ്യൻ കൊന്തേമ്പിള്ളിൽ |
| മുതലക്കോടം | - | റവ ഫാ. ജോർജ് പീച്ചാനിക്കുന്നേൽ |
| മൂവാറ്റുപുഴ | - | റവ ഫാ. സെബാസ്റ്റ്യൻ തുമ്പമറ്റത്തിൽ |
| ഊന്നുകൽ | - | റവ ഫാ. ജോൺ ഓണേലിൽ |
| പൈങ്ങോട്ടൂർ | - | റവ ഫാ. ജോസഫ് പുളിക്കൽ (Jr.) |
| തൊടുപുഴ | - | റവ ഫാ. സക്കറിയാസ് കല്ലിടുക്കിൽ |
| വാഴക്കുളം | - | റവ ഫാ. സെബാസ്റ്റ്യൻ പോത്തനാമുഴി |

*Bishop*

## *C. 81 /2017* Monthly Recollection for Priests

### *Topic for discussion in August*

Read in common Nos. 651-660 of the Catechism of the Catholic Church.

*Protosyncellus*

## *C. 82/2017* Young Priests' Seminar

Annual seminar for the young priests of the Eparchy ordained after 31-01-2011 will be conducted on July 25-26, 2017 at NESTT Muvattupuzha. The seminar begins on Tuesday at 9.30 am and comes to an end on Wednesday by 4.30 pm. All are expected to participate without fail.

*Protosyncellus*

## *C. 83/2017* Annual Retreat for Priests

The list of the participants in each batch is given below. Please do not make changes from one batch to the other unless for some serious reasons. In case of change, please do it with mutual arrangement with one in the other batch and inform the Eparchial Curia in due time. Those who seek exemption from the common retreat owing to some grave reason are to get it in writing from the Curia.

The Rev. Fathers are to fulfil the following Mass intentions and report to the Curia before the 31st of December 2017.

1 For the Priests of the Eparchy-1

2 *Ad intentionem episcopi* (stipend to be used for charitable purposes) -4

3 *Ad intentionem episcopi* (stipend to be used to meet the expenses of the retreat)-5



N.B. The Mass intentions Nos. 1 and 2 are to be fulfilled by all while those in No. 3 only by those who take part in the common retreat. The presbyters who participate in the retreat are to bring with them their Mass Account, and Confession Patent.

All the faithful in the Eparchy have the duty to pray for the presbyters who participate in the retreat. The parish priests may remind the faithful that the Eparchial Curia is closed during the common retreat.

**FIRST BATCH**

Venue: NESTT, Muvattupuzha

**Time: From Sunday, 10 September to Friday, 15 September**

Retreat Preacher : Rev. Dr. Jojo Maripattu VC

1 Alappatt Francis
2 Arackal Jose
3 Areekatt Mathew
4 Ariappillil Emmanuel
5 Athickal Joseph
6 Athickal Mathew
7 Avarapattu paul
8 Chamakalayil Mathew
9 Chandrankunnel Mathew
10 Cheripuram Abraham
11 Cherkott Thomas
12 Cheruparambil Thomas
13 Chettoor George
14 Choorathotty Paul
15 Edathotty Paul
16 Ezhanikatt Mathew
17 Ezhumayil Joseph
18 Kadukamackal Joseph
19 Kadukummackal George
20 Kalapurackal Jacob
21 Kalapurackal Jose
22 Kallarackal John
23 Kallarackal Joseph
24 Kallidukkil Zacharias
25 Kandathinkara Joseph
26 Kannathukuzhy Joseph
27 Kapiarumala George
28 Karakombil Paul
29 Karakunnel George
30 Keerampara Francis
31 Keethappilly Joseph
32 Kizhakedath Mathew
33 Kochuparambil George
34 Kochupurackal Mathew (Sr.)
35 Kodakallil Kuriakose
36 Kodiammnal John
37 Koickakudy Joseph
38 Konickal Mathew
39 Koonanickal Jose (Sr)
40 Koonanickal Joseph
41 Koottumkal Joseph
42 Kottarathil Thomas
43 Kulathoor Jose
44 Kunnappillil Mathew
45 Kunnappilly Augustine
46 Kunnath Mathew
47 Kurianal Emmanuel

48 Kurukoor Mgr George
49 Kuttiyara John
50 Kuzhinjalil Thomas
51 Madathiparambil Francis
52 Mailadiath Jose
53 Malekudy Thomas
54 Malieckal Mathews
55 Mannathukkaran Jacob
56 Monippilly Jose
57 Moolasseril Nicholas
58 Mulanjanany Joseph
59 Mundackal Joseph (Sr)
60 Mundackal Mathew (Sr)
61 Mundackal Mathew (Jr)
62 Mundunadayil Joseph
63 Muringamattam John
64 Muttathuvalayil Joseph
65 Namattathil Sebastian
66 Nandalath Mathews
67 Nedumpurath Paul
68 Nedumthadathil Paulose
69 Nedungatt Vincent
70 Nirappath George
71 Niravath Joseph
72 Niravathinal Abraham
73 Njaralakatt Luke
74 Oliapuram Mgr.George
75 Onelil John
76 Padinjarekutt Augustine
77 Panachickal James
78 Panackal Thomas
79 Paramel Varghese
80 Parathazham Paul
81 Parayannilam Joseph
82 Peechatt Emmanuel
83 Perumpananickal Abraham
84 Pichappillil John
85 Pinakatt Joseph
86 Pittappillil Francis
87 Poonat Manuel
88 Pothanamuzhi Mathew
89 Pothanamuzhi Thomas
90 Pothoor Jose
91 Pottackal George
92 Pulickal Joseph (Jr.)
93 Pulimalayil Antony
94 Pulparambil Jose
95 Pulpra George
96 Puthenkulam Antony
97 Puthenkulam Mathew
98 Puthiyedath Jacob
99 Thachil George
100 Thayyil James
101 Thanickal Joseph
102 Thekkeattath George
103 Thekkekara George
104 Thekkekara Mathew (Jr.)
105 Thevarpadam Mathews
106 Thottathimyalil John
107 Thuruthippillil Sebastian
108 Vadakekudy James
109 Vadakken John
110 Vadakumparampil Jacob
111 Valloppillil Sebastian
112 Vandanakara George
113 Vararappilly James
114 Vattakatt Augustine
115 Vattakuzhy Emmanuel
116 Vellankal Mgr. Mathew
117 Vellaramkattil Xavier
118 Velliamthadam Joseph
119 Vengooran Jose
120 Vettikuzha Thomas
121 Vilanguparayil Thomas



**SECOND BATCH**

Venue: NESTT, Muvattupuzha

**Time: From Sunday, 17 Sept. to Friday, 22 Sept.**

Retreat Preacher : Rev. Dr. Joseph Thondiparambil

1 Adapoor Joseph
2 Aikaramattam James
3 Anikottil John
4 Arackal James
5 Arackal Joseph
6 Arolichalil Sebastian
7 Athickal Francis
8 Athickal Pius
9 Chatholil John
10 Chemparathy George
11 Chirapparambil Jose
12 Choorathotty James
13 Edattu Mathews
14 Elanjedath John
15 Ezhanikatt James
16 Inchaplackal Paul
17 Kachiramattam Kuriakose
18 Kadambanatt Sebastian
19 Kadavan John
20 Kakanatt Mathew
21 Kakkuzhy James
22 Kalapurayil James
23 Kalariparambil Thomas
24 Kalathoor Paul
25 Kallarackal Thomas
26 Kandathil Joseph
27 Kanimattathil Sebastian
28 Kanjirakompil Mgr. Cherian
29 Kannadan Francis
30 Kannamkulam Thomas
31 Kannampalliyil Kuriakose
32 Kapiarumala Thomas
33 Kapiyarumalayil Joseph
34 Karakombil James
35 Kariamadam George
36 Karikunnel Francis
37 Kizhakel Jose
38 Kochumundanmalayil Mathew
39 Kochumuttam John
40 Kochuparambil Joseph (Sr.)
41 Kochuparambil Joseph (Jr.)
42 Kodamullil Paul
43 Kodamullil Cyriac
44 Koickakudy Joseph Cherian
45 Koithanath Joseph
46 Kochupurackal Mathew (Jr.)
47 Kottackal Antony
48 Konthempillil Sebastian
49 Kottoor Jose
50 Kunnamkulathil Emmanuel
51 Kunnel Stanislaus
52 Kurianal James
53 Kurisummoottil George
54 Kuzhikanniyil Joseph
55 Mailackachalil Paul
56 Makolil Joseph
57 Malekandathil Pius
58 Maleparambil George
59 Maliyeckal Antony
60 Mandapathil Varkey
61 Marappillil George
62 Mattappillil John
63 Moorkattil Jose
64 Mulanjanany George
65 Mundackal Emmanuel
66 Mundackal George
67 Mundackal John
68 Mundackal Joseph (Jr.)
69 Mundackal Mathew M.

70 Mundackal Thomas
71 Mundolickal James
72 Nampiaparambil Francis
73 Nandalath Francis
74 Nedumkallel George
75 Nedumpuram Joseph
76 Neerampuzha Jose
77 Nellikunnel Joseph
78 Njaliparabil Antony
79 Njaloor Cyriac
80 Njaloor Joseph
81 Oliapuram George (Sr.)
82 Oroplackal Johnson
83 Ovelil Antony
84 Padinjattuvayalil John
85 Pallikunnel Georgy
86 Pannarakunnel Sebastian
87 Parankimyalil George
88 Parayidom Thomas
89 Parackal Abraham
90 Pazhayapeedikayil Johnson
91 Periapuram Thomas
92 Peringarappillil Sotter
93 Peechanikunnel George
94 Pichalakatt Manuel
95 Pittappillil Mathew
96 Pittappilly Thomas
97 Ponneth Joseph
98 Poonat Mathew
99 Poovathumkal Thomas
100 Pothanamuzhy Sebastian
101 Pulickal Joseph (Sr.)
102 Pullan George
103 Pulloppillil Jose
104 Pulprayil Stanley
105 Punnamattathil Scaria
106 Rathappillil Jacob
107 Thadikkatt George
108 Thalappillil Jacob
109 Thanathuparambil George
110 Thekkekara Mathew (Sr.)
111 Thekkumkattil Mathew
112 Thottathimyalil Mathew
113 Thozhalay Mathew
114 Thudianplackal Zacharias
115 Thumbamattathil Sebastian
116 Vadakkel James
117 Vadakkel George
118 Vadakkumpadam Mathew
119 Valiathazhath Sebastian
120 Vallomkunnel George
121 Varicattu Cherian
122 Vattakuzhy Jose
123 Vattappallil Jacob
124 Vattathottathil Thomas
125 Vilanguparayil Paul

*Protosyncellus*

*C.84. /2017*

രൂപത വിവാഹക്കോടതിയിൽ ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിൽ മാത്രമായിരിക്കും അപേക്ഷകൾ നേരിട്ട് സ്വീകരിക്കുന്നത്. രൂപതാ നിയമസംഗ്രഹത്തിൽ കൊടുത്തിരിക്കുന്ന (അനുബന്ധം 6) അപേക്ഷയുടെ മാതൃകയിൽ പുതിയ അരമന പത്രത്തിൽ അപേക്ഷകൾ നല്കണമെന്ന വിവരം അറിയിക്കുന്നു.

*Judicial Vicar*



# മൈനർ സെമിനാരി

*MS 23 /2017* **മൈനർസെമിനാരിയിലെ നവാഗതർ**

1 ഏർത്തടത്തിൽ ജോസഫ് (ഇമ്മാനുവേൽ), പെരുമ്പല്ലൂർ
2 കളപ്പുരയ്ക്കൽ ജെയിംസ് (അലൻ), തഴുവംകുന്ന്
3 കുന്നുംപുറത്ത് ജോർജ് (സുബിൻ), വണ്ണപ്പുറം
4 കുന്നുംപുറത്ത് ജോസഫ് (അഭിനവ്), മൈലക്കൊമ്പ്
5 കുരീത്തടം വർഗീസ് (അഗസ്റ്റിൻ), മാലിപ്പാറ
6 നാലുതെങ്ങുങ്കൽ ആന്റണി (ആകാശ്), വാഴക്കുളം
7 നെല്ലിക്കൽ ആന്റണി (എവിൻ), പുലിയമ്പാറ
8 ഓലിയിൽ പോൾ (ആൻസൺ), മാറിക
9 പ്ലാക്കൂട്ടത്തിൽ തോമസ് (ജിബിൻ), മുണ്ടൻമുടി
10 പൂവൻ ജോർജ് (അജയ്), ആയവന
11 പുള്ളിക്കാട്ടിൽ തോമസ് (ജിബിൻ), മുണ്ടൻമുടി
12 പുരയിടത്തിൽ ഫ്രാൻസിസ്, അരിക്കുഴ
13 പുതിയാമഠത്തിൽ ആന്റണി (റോയസ്), വെളിയേൽച്ചാൽ
14 തയ്യിൽ തോമസ് (ആൽബി), വണ്ണപ്പുറം
15 തെക്കേക്കുറ്റ് ജോസഫ് (റോണൽ), രണ്ടാർ

*MS 24 /2017* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | One Benefactor | ₹ | 50,000 |
| 2 | Shiny Avirappattu, Anicadu | ₹ | 25,000 |
| 3 | Leelamma Vakkachan Illiparambil, Thrikarioor | ₹ | 2,000 |
| 4 | John Tharian Elenjickal, Inchoor | ₹ | 5000 |
| 5 | St. Jude Church, Mulappuram | ₹ | 4,000 |
| 6 | Rev. Fr. John Kallarackal | ₹ | 25,000 |
| 6 | Sts. Peter & Paul Church Kuruppampady | ₹ | 15,000 |
| 7 | St. Mathew's Church, Nadukkara | ₹ | 20,000 |
| 8 | Joseph Kannakala, Alakodu | ₹ | 5000 |
| 9 | Lawrence Manithara, Mudavoor | ₹ | 1000 |
| 10 | CML, Peringuzha | ₹ | 5000 |

| | | | |
|---|---|---|---|
| 11 | George Karimbadakuzhy, Marika | ₹ | 5000 |
| 12 | Rosamma George Karimbadakuzhy, Marika | ₹ | 5000 |
| 13 | PJ Joseph Puthiaparambil, Muvattupuzha East | ₹ | 5000 |

*Rector*

## വിജ്ഞാനഭവൻ

*V. 70/2017* **നവാഗതരായ അദ്ധ്യാപകർക്ക് ട്രെയിനിംഗ് – ജൂലൈ 15, 16**

നവാഗതരായ അദ്ധ്യാപകർക്കുള്ള ട്രെയിനിംഗ് പ്രോഗ്രാം ജൂലൈ 15, 16 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റിൽ നടത്തും. എല്ലാ നവാഗതരായ അദ്ധ്യാപകരും ഇതിൽ പങ്കെടുക്കേണ്ടതാണ്. 15–ാം തീയതി രാവിലെ 9.30–ന് ആരംഭിച്ച് 16–ാം തീയതി വൈകിട്ട് 3.30–ന് അവസാനിക്കും. വരുന്നവരുടെ എണ്ണം ജൂലൈ 5–ന് മുമ്പ് അറിയിക്കണം.

*V. 71/2017* **വിശ്വാസപരിശീലകരുടെ രൂപതാ കൺവെൻഷൻ**

ഈ വർഷത്തെ വിശ്വാസപരിശീലകരുടെ രൂപതാ കൺവെൻഷൻ ജൂൺ മാസം 10–ാം തീയതി ശനിയാഴ്ച വാഴക്കുളം വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. 1200–ഓളം വിശ്വാസപരിശീലകർ പങ്കെടുത്തു. രാവിലെ നടന്ന സെമിനാറിന്റെ ഉദ്ഘാടനം റവ. മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ നിർവഹിച്ചു. ഫാ. മാത്യു പിട്ടാപ്പിള്ളിൽ ക്ലാസ്സ് നയിച്ചു. ഉച്ചകഴിഞ്ഞുള്ള സമ്മേളനം അഭിവന്ദ്യ പിതാവ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് കഴിഞ്ഞ വർഷത്തെ മികച്ച സൺഡേ സ്കൂളുകൾക്കുള്ള ട്രോഫികളും സമ്മാനവും അഭിവന്ദ്യ പിതാവ് വിതരണം ചെയ്തു. രൂപതാ കൺവെൻഷനിൽ വന്നു പങ്കെടുത്ത എല്ലാ ബഹു. വികാരിയച്ചന്മാർക്കും കൊച്ചച്ചന്മാർക്കും വിശ്വാസപരിശീലകർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. എല്ലാ വികാരിയച്ചന്മാർക്കും കൊച്ചച്ചന്മാർക്കും രൂപതയിലെ വിശ്വാസപരിശീലകർക്കും ഡയറിയോടുകൂടിയ പാഠ്യപദ്ധതി വിതരണം ചെയ്തു.

*V. 72/2017* **രൂപതയിലെ മികച്ച സൺഡേ സ്കൂളുകൾ**

2016–2017 പ്രവർത്തന വർഷത്തിൽ രൂപതയിലെ ഏറ്റവും മികച്ചതായി തിരഞ്ഞെടുക്കപ്പെട്ട സൺഡേസ്കൂളുകളുടെ (A, B, C വിഭാഗം) പേരുകൾ ചുവടെ ചേർക്കുന്നു.



**Group A**

**I സെന്റ് ജോർജ്സ്, വാഴക്കുളം**
**സെന്റ് ആന്റണീസ്, പൈങ്ങോട്ടൂർ**
**II സെന്റ് ജോർജ്സ്, കല്ലാനിക്കൽ**
**III സെന്റ് തോമസ്, മൈലക്കൊമ്പ്**
**ലിറ്റിൽ ഫ്ളവർ, നെടിയകാട്**

**Group B**

**I സെന്റ് തോമസ് മൂർ ആലക്കോട്**
**II സെന്റ് ജോസഫ്, നെല്ലിക്കുഴി**
**സെന്റ് മാർട്ടിൻ ഡി പോറസ്, അഞ്ചിരി**
**III വിജ്ഞാനമാതാ തൊടുപുഴ**
**സെന്റ് സെബാസ്റ്റ്യൻസ് പന്നിമറ്റം**

**Group C**

**I സെന്റ് തോമസ്, മലയിഞ്ചി**
**സെന്റ് മേരീസ്, മാലിപ്പാറ**
**II ക്രിസ്തുരാജ്, രാജഗിരി**
**III സെന്റ് പയസ് X, ചാലാശ്ശേരി**

*V. 73/2017* **SSC, HCC - A, B Forms, പ്രൈവറ്റ് രജിസ്ട്രേഷൻ**

SSC, HCC - A, B Forms, പ്രൈവറ്റ് രജിസ്ട്രേഷന്റെ ഫോം എന്നിവ തരുന്നതിനുള്ള അവസാന തീയതി ജൂലൈ 31 ആണ്. പ്രൈവറ്റ് രജിസ്ട്രേഷൻകാരുടെ പേരുകൾ A, B Form -ൽ ചേർക്കേണ്ടതാണ്. റിമാർക്സ് കോളത്തിൽ പ്രൈവറ്റ് രജിസ്ട്രേഷൻ എന്ന് രേഖപ്പെടുത്തേണ്ടതാണ്. **ചോദ്യപേപ്പറിന്റെ എണ്ണത്തിന്റെ കൂടെ ഇവരുടെ എണ്ണം ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ അക്കാര്യം പ്രത്യേകം അറിയിക്കണം.**

*V. 74/2017* **PTA**

വിശ്വാസപരിശീലനം ശക്തിപ്പെടുത്തുന്നതിനായി പി.റ്റി.എ. കമ്മിറ്റി രൂപീകരിച്ച് കാണുമല്ലോ. പി.റ്റി.എ. കമ്മിറ്റിയംഗങ്ങളുടെ ലിസ്റ്റ്

തന്നിരിക്കുന്ന ഫോമിൽ ജൂലൈ 10-ന് മുമ്പ് തരേണ്ടതാണ്.

*V. 75/2017* **വിശ്വാസപരിശീലനത്തിന് കുട്ടികളുടെ സംഭാവന**

മുൻവർഷത്തേതുപോലെ ഈ വർഷവും കുട്ടികളിൽ നിന്നും സ്വീകരിക്കേണ്ടതായ സംഭാവന 10 രൂപയാണെന്ന കാര്യം ഓർമ്മിപ്പിക്കുന്നു. ജൂലൈ 31-ന് മുമ്പ് ഈ തുക വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കണമെന്ന കാര്യം സ്നേഹപൂർവം അറിയിക്കുന്നു. വിജ്ഞാനഭവന്റെ വിജയകരമായ പ്രവർത്തനത്തിന് ഇത് വലിയ സഹായമായിരിക്കും.

*V. 76/2017* **സൺഡേ സ്കൂൾ ബാഗ്**

പുതിയ സൺഡേ സ്കൂൾ ബാഗ് വിജ്ഞാനഭവൻ ബുക്ക് സ്റ്റാളിൽ നിന്ന് ലഭ്യമാണ്. വില 70, 130.

*V. 77/2017* **സൺഡേ സ്കൂൾ ഡയറി**

മികച്ച സൺഡേ സ്കൂൾ ഡയറിക്ക് സമ്മാനം ഉണ്ടായിരിക്കും. ജൂലൈ 31-ന് മുമ്പ് വിജ്ഞാനഭവനിൽ എത്തിക്കണം. 60 പേജിൽ കൂടാൻ പാടില്ല.

*V. 78/2017* **Contact Class**

XI, XII ക്ലാസ്സുകളിലെ പരീക്ഷ നേരത്തേ ആക്കിയതിനാൽ രണ്ടാം സെമസ്റ്ററിലെ കോൺടാക്ട് ക്ലാസ്സ് ജനുവരി 13 ശനിയാഴ്ചയായിരിക്കും. ജൂണിലെ ദൈവരാജ്യത്തിൽ ഫെബ്രുവരി 10 ശനി എന്നാണ് രേഖപ്പെടുത്തിയിരുന്നത്.

*V. 79/2017* **Short Film Contest**

സമ്പർക്കമാധ്യമങ്ങളിൽ കുട്ടികളെ ഏറ്റവുമധികം സ്വാധീനിക്കുന്ന മാധ്യമം സിനിമയാണ്. അതുകൊണ്ടുതന്നെ നമ്മുടെ വിശ്വാസപരിശീലനവേദികളിലും ഈ മാധ്യമത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നത് ഉചിതമാണെന്ന് കരുതുന്നു. ഈ ലക്ഷ്യത്തോടെ ഈ വർഷവും ഒരു Short Film Contest വിജ്ഞാനഭവൻ സംഘടിപ്പിക്കുന്നു. "പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽത്തന്നെ നിർജ്ജീവമാണ്" (യാക്കോ. 2:17) എന്ന തിരുവചനമാണ് വിഷയം. 5 മിനിറ്റിൽ കുറയാതെയും 10 മിനിറ്റിൽ കൂടാതെയും ദൈർഘ്യമുള്ളവയാവണം ചിത്രങ്ങൾ.

| | |
|---|---|
| I Prize | 10,000 |
| II Prize | 7500 |
| III Prize | 5000 |



കൂടാതെ പ്രോത്സാഹന സമ്മാനങ്ങളും ഉണ്ടായിരിക്കുന്നതാണ്.

**നിബന്ധനകൾ**

1. സൺഡേസ്കൂൾ യൂണിറ്റടിസ്ഥാനത്തിലായിരിക്കും മത്സരം. എൻട്രി സമർപ്പിക്കുന്നത് ഒരു യൂണിറ്റിന്റെ പേരിലായിരിക്കണം. അഭിനയത്തിനും മറ്റു സാങ്കേതിക പ്രവത്തനങ്ങൾക്കും ആരെ വേണമെങ്കിലും പങ്കെടുപ്പിക്കാവുന്നതാണ്.
2. Short films സമർപ്പിക്കേണ്ട അവസാന തീയതി 2017 നവംബർ 30 ആണ്. എൻട്രികൾ ഇടവക വികാരിയുടെ Certification- നോടു കൂടി നവംബർ 30-ന് മുമ്പായി വിജ്ഞാനഭവനിൽ ഏല്പിക്കേണ്ടതാണ്. (ഒരു യൂണിറ്റിൽ നിന്നും ഒന്നിൽ കൂടുതൽ എൻട്രികൾ നൽകാവുന്നതാണ്).
3. "പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽത്തന്നെ നിർജ്ജീവമാണ്" (യാക്കോ. 2:17) എന്ന തിരുവചനത്തെ കേന്ദ്രീകരിച്ച് അതിൽ അടങ്ങിയിരിക്കുന്ന മൂല്യത്തെ ആയിരിക്കണം ഹ്രസ്വചിത്രത്തിന്റെ ഇതിവൃത്തം ആക്കേണ്ടത്. വിഷയത്തിൽ നിന്നുകൊണ്ടുള്ള നൂതനമായ ആവിഷ്കാര രീതികളും ട്രെൻഡുകളും സ്വാഗതാർഹമാണ്.
4. ഓരോ ഹ്രസ്വചിത്രത്തിനും 5 മിനിറ്റിൽ കുറയാതെയും 10 മിനിറ്റിൽ കൂടാതെയും ദൈർഘ്യം ഉണ്ടായിരിക്കണം.
5. ഓരോ ചിത്രത്തിന്റെയും ഒരു ഡിജിറ്റൽ (DVD) കോപ്പിയും HD ക്വാളിറ്റി ഔട്ടും സമർപ്പിക്കേണ്ടതാണ്. അവ തിരികെ നൽകുന്നതല്ല.
6. ഹ്രസ്വചിത്രത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന മ്യൂസിക്, വീഡിയോസ് തുടങ്ങിയവയുടെ കോപ്പിറൈറ്റ് നിയമപരിധികൾ ലംഘിച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്വം യൂണിറ്റിനായിരിക്കും.
7. വിധി നിർണ്ണയത്തിൽ സ്ക്രിപ്റ്റ്, ഡയറക്ഷൻ, അഭിനയം തുടങ്ങിയ തരംതിരിവുകൾ ഇല്ല. എല്ലാം ഒത്തുചേരുന്ന, ആസ്വാദന നിലവാരമുള്ള മികച്ച ചിത്രം എന്നതായിരിക്കും പരിഗണന.
8. വിജ്ഞാനഭവൻ അധികാരപ്പെടുത്തുന്ന ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും.
9. കുറഞ്ഞത് 10 എൻട്രികളെങ്കിലും ലഭിച്ചാൽ മാത്രമേ മത്സരം ഉണ്ടായിരിക്കുകയുള്ളൂ. അല്ലാത്ത പക്ഷം സമർപ്പിക്കുന്ന എൻട്രികൾക്ക് 2000 രൂപ വീതം പ്രോത്സാഹനസമ്മാനമായി നൽകുന്നതാണ്.

10. തിരഞ്ഞെടുക്കപ്പെടുന്ന ചിത്രങ്ങൾ രൂപതയുടെ വിവിധ മതബോധന ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതാണ്. അവയുടെ Copy right വിജ്ഞാനഭവനായിരിക്കും.

*V. 80 /2017* **സൺഡേസ്കൂളുകളുടെ പുതുക്കിയ ലിസ്റ്റ്**

**A വിഭാഗം 451- മുതൽ**

| | | | |
|---|---|---|---|
| 1 | Anicadu | 2 | Cathedral |
| 3 | Kalayanthani | 4 | Kalloorkad |
| 5 | Karimannoor | 6 | Marika |
| 7 | Muthalakodam | 8 | Muvattupuzha |
| 9 | Mylacombu | 10 | Nediakadu |
| 11 | Paingottoor | 12 | Thodupuzha |
| 13 | Vazhakulam | | |

**B വിഭാഗം 251- മുതൽ 450-വരെ**

| | | | |
|---|---|---|---|
| 1 | Alakode | 2 | Arakuzha |
| 3 | Arikuzha | 4 | Anchiri |
| 5 | Ayavana | 6 | Bethlehem |
| 7 | Kadalikad | 8 | Kallanickal |
| 9 | Kaliyar | 10 | Kodikulam |
| 11 | Kaloor | 12 | Kuruppumpady |
| 13 | Nakapuzha | 14 | Nellimattam |
| 15 | Nediasala | 16 | Neyyassery |
| 17 | Njarakad | 18 | Oonnukal |
| 19 | Pannimattam | 20 | Parapuzha |
| 21 | Pothanikad | 22 | Udumpannoor |
| 23 | Vannapuram | 24 | Velielchal |

**C വിഭാഗം 126 -മുതൽ 250-വരെ**

| | | | |
|---|---|---|---|
| 1 | Ambikapuram | 2 | Chilavu |
| 3 | Chittoor | 4 | Cheenikuzhy |
| 5 | Ezhalloor | 6 | Enanalloor |
| 7 | Inchoor | 8 | Kavakadu |
| 9 | Kadavoor | 10 | Karakunnam |
| 11 | Koduvely | 12 | Kuninji |



| | | | |
|---|---|---|---|
| 13 | Kottapady | 14 | Keerampara |
| 15 | Kozhippilly | 16 | Kuttampuzha |
| 17 | Kulappuram | 18 | Malippara |
| 19 | Marady | 20 | Malayinkeezhu |
| 21 | Meenkunnam | 22 | Mundanmudi |
| 23 | Muvattupuzha East | 24 | Mullaringad |
| 25 | Nadukani | 26 | Nadukara |
| 27 | Njayappilly | 28 | Neriamangalam |
| 29 | Nedungapra | 30 | Nellikuzhi |
| 31 | Parapuzha | 32 | Pareekanny |
| 33 | Pallikamuri | 34 | Perumannoor |
| 35 | Peringazha | 36 | Perumballoor |
| 37 | Ponnamthanam | 38 | Pooyamkutty |
| 39 | Randar | 40 | Thalayanadu |
| 41 | Thottakara | 42 | Thazhuvankunnu |
| 43 | Thommankuth | 44 | Thrikariyoor |
| 45 | Thodupuzha East | 46 | Vandamattom |
| 47 | Vettimattom | 48 | Vazhappilly East |
| 49 | Vadattupara | | |

**D വിഭാഗം 1 -മുതൽ 125-വരെ**

| | | | |
|---|---|---|---|
| 1 | Chalasserry | 2 | Cheppukulam |
| 3 | Inchathotty | 4 | Kaithapara |
| 5 | Kolady | 6 | Kuthunkal |
| 7 | Malayinchy | 8 | Mamalakandam |
| 9 | Mathirappilly | 10 | Mekedambu |
| 11 | Methotty | 12 | Muttathupara |
| 13 | Mulappuram | 14 | Mudavoor |
| 15 | Nazarethuvalley | 16 | Neendapara |
| 17 | Pazhampillichal | 18 | Perumballichira |
| 19 | Peringassery | 20 | Puliyanpara |
| 21 | Punnamattam | 22 | Ramalloor |
| 23 | Rajagiri | 24 | Thattakuzha |
| 25 | Thennathoor | 26 | Thoipra |

| | | | |
|---|---|---|---|
| 27 | Urulanthanni | 28 | Uppukunnu |
| 29 | Vadakode | 30 | Vazhakala |
| 31 | Vettampara | | |

NB നേരത്തെ ദൈവരാജ്യത്തിലും പാഠ്യപദ്ധതിയിലും തന്നിരുന്നതിൽ നിന്നും വ്യത്യസ്തമായി 'C ഗ്രൂപ്പ് 101 മുതൽ 250 വരെ' എന്നത് '126 മുതൽ 250' വരെയും 'D ഗ്രൂപ്പിൽ 1 മുതൽ 100 വരെ' എന്നത് '1 മുതൽ 125 വരെ' എന്നാക്കി.

*Director*

## Corporate Educational Agency

*Edn. 26 /2017*

2017-18-ൽ രൂപതാ ഓഫീസിലേക്ക് അയച്ചുതരേണ്ട ഫോറങ്ങൾ യഥാസമയം വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് അയച്ചുതരണമെന്ന് ഓർമ്മിപ്പിക്കുന്നു. Catechism/ Moral Science Order form ഇനിയും അയച്ചു തന്നിട്ടില്ലാത്തവർ എത്രയും വേഗം അയച്ചു തരേണ്ടതാണ്. Corporate-ന്റെ e-mail ID "kothamangalamcorporate@gmail.com", Website: www.kothamangalamcorporate.com എന്നിങ്ങനെയാണ്. ഓരോന്നിന്റെയും സമയപരിധി എല്ലാ പ്രധാന അദ്ധ്യാപകരുടെയും അറിവിലേയ്ക്കായി താഴെ ചേർത്തിരിക്കുന്നു.

| | | |
|---|---|---|
| 1 | Staff Statement 01-06-2017 വച്ച് | 20 - 06 - 2017 |
| 2 | Proposal 6th working day strength | 20 - 06 - 2017 |
| 3 | Order form - Catechism/Moral Science | 20 - 06 - 2017 |
| 4 | M G Applications | 30 - 08 - 2017 |
| 5 | Fitness Applications | 15 - 01 - 2018 |
| 6 | Annual School Report | 15 - 01- 2018 |

*Edn. 27 /2017* **പ്രൊബേഷൻ**

പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുള്ള അദ്ധ്യാപകരും/അനദ്ധ്യാപകരും രൂപതാവിദ്യാഭ്യാസ ഓഫീസിൽ നിന്നും ലഭിക്കുന്ന ഫോറം മേലധികാരിയെക്കൊണ്ട് (മാനേജർ/പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ) പൂരിപ്പിച്ച് യഥാസമയം രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്. പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ വരേണ്ടത് മുൻകൂട്ടി അറിയിച്ചിട്ടായിരിക്കണം.



*Edn. 28/2017* **Catechism/ Moral Science Year Plan**

**L P Section**

| STD | Catechism | | Moral Science |
|---|---|---|---|
| | | **June - August** | |
| **1** | Lesson 1-5 | **First Terminal Examination** | Lesson 1-6 |
| | | **September - December** | |
| | Lesson 6-10 | **Annual Examination** | Lesson 7-12 |
| | | **June - August** | |
| **II** | Lesson 1-6 | **First Terminal Examination** | Lesson 1-6 |
| | | **September - December** | |
| | Lesson 7-12 | **Annual Examination** | Lesson 7-12 |
| | | **June - August** | |
| **III** | Lesson 1-5 | **First Terminal Examination** | Lesson 1-6 |
| | | **September - December** | |
| | Lesson 6-11 | **Annual Examination** | Lesson 7-12 |
| | | **June - August** | |
| **IV** | Lesson 1-6 | **First Terminal Examination** | Lesson 1-7 |
| | | **September - December** | |
| | Lesson 7-12 | **Annual Examination** | Lesson 8-14 |

**U P Section**

| STD | | | |
|---|---|---|---|
| | | **June - August** | |
| **V** | Lesson 1-5 | **First Terminal Examination** | Lesson 1-5 |
| | | **September - December** | |
| | Lesson 6-9 | **Annual Examination** | Lesson 6-11 |
| | | **June - August** | |
| **VI** | Lesson 1-5 | **First Terminal Examination** | Lesson 1-6 |
| | | **September - December** | |
| | Lesson 6-10 | **Annual Examination** | Lesson 7-12 |
| | | **June - August** | |
| **VII** | Lesson 1-5 | **First Terminal Examination** | Lesson 1-6 |
| | | **September - December** | |
| | Lesson 6-10 | **Annual Examination** | Lesson 7-12 |

**HS Section**

| STD | | | |
|---|---|---|---|
| | | **June - August** | |
| **VIII** | Lesson 1-6 | **First Terminal Examination** | Lesson 1-5 |
| | | **September - December** | |
| | Lesson 7-11 | **Annual Examination** | Lesson 6-10 |
| | | **June - August** | |
| **IX** | Lesson 1-6 | **First Terminal Examination** | Lesson 1-5 |
| | | **September - December** | |
| | Lesson 7-12 | **Annual Examination** | Lesson 6-10 |
| | | **June - August** | |
| **X** | Lesson 1-6 | **First Terminal Examination** | Lesson 1-5 |
| | | **September - December** | |
| | Lesson 7-11 | **Annual Examination** | Lesson 6-10 |

**HSS Section**

| STD | | |
|---|---|---|
| | | **June - August** |
| **XI** | Lesson 1-7 | **First Terminal Examination** |
| | | **September - December** |
| | Lesson 8-13 | **Annual Examination** |
| | | **June - August** |
| **XII** | Lesson 1-6 | **First Terminal Examination** |
| | | **September - December** |
| | Lesson 7-12 | **Annual Examination** |

*Secretary*

## തിരുബാലസഖ്യം

*HC 9 /2017* **വെബ്സൈറ്റ് രജിസ്ട്രേഷൻ**

ഓരോ ശാഖയിലെയും 2007 ജനുവരി 1-നു ശേഷം ജനിച്ച മുഴുവൻ കുട്ടികളുടെയും പേരുവിവരങ്ങൾ തിരുബാലസഖ്യം സംഘടനയുടെ വെബ്സൈറ്റ് www.cmlkcslkothamangalam.com-ൽ ചേർക്കേണ്ടതാണ്. ഈ വർഷം മുതൽ നടത്തപ്പെടുന്ന മത്സരങ്ങൾക്ക് രജിസ്ട്രേഷൻ വെബ്സൈറ്റുവഴിയായതിനാൽ ഇതു പ്രാധാന്യമർഹിക്കുന്നു.



ലോഗിൻ ചെയ്യുന്ന വിധം

- * www.cmlkcslkothamangalam.com ↵ Enter
- * Home Page - ൽ അതാത് സംഘടനയുടെ Emblem Click ചെയ്യുക.
- * Menu bar -ൽ login click ചെയ്യുക.
- * നിങ്ങളുടെ ശാഖ / യൂണിറ്റിന്റെ Username, Password (മാർഗരേഖ ബുക്കിൽ പേജ് നമ്പർ -11 മുതൽ 13 വരെ) ഉപയോഗിച്ച് കയറി entry നടത്തുക.

*HC 10 /2017* **ആനിമേറ്റേഴ്സ് മീറ്റ്**

ജൂലൈ 8-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ആനിമേറ്റേഴ്സ് മീറ്റിംഗ് നടത്തുന്നു. എല്ലാ ആനിമേറ്റേഴ്സും നിർബന്ധമായും ഇതിൽ സംബന്ധിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*Director*

## ചെറുപുഷ്പമിഷൻലീഗ്

*CML 40 /2017* **മേഖലാ ഡയറക്ടേഴ്സ്**

തൊടുപുഴ - റവ. ഫാ. ജിയോ തടിക്കാട്
ഊന്നുകൽ - റവ. ഫാ. ജോർജ് വള്ളോംകുന്നേൽ

**അസി. ഡയറക്ടേഴ്സ്**

കോതമംഗലം - റവ. ഫാ. പോൾ കളത്തൂർ
കാളിയാർ - റവ. ഫാ. കുര്യാക്കോസ് കണ്ണമ്പിള്ളിൽ
തൊടുപുഴ - റവ. ഫാ. സക്കറിയ കല്ലിടുക്കിൽ
വാഴക്കുളം - റവ. ഫാ. ജോൺ പടിഞ്ഞാറ്റുവയലിൽ
കരിമണ്ണൂർ - റവ. ഫാ. ജോസ് ചിരപ്പറമ്പിൽ
മുതലക്കോടം - റവ. ഫാ. മാത്യു കിഴക്കേടത്ത്
ഊന്നുകൽ - റവ. ഫാ. ജോർജ് കൊച്ചുപറമ്പിൽ

കഴിഞ്ഞ പ്രവർത്തനവർഷങ്ങളിൽ മേഖല ഡയറക്ടേഴ്സായും അസി. ഡയറക്ടേഴ്സായും സേവനം ചെയ്ത എല്ലാ ബഹു. അച്ചന്മാർക്കും ഹൃദയംഗമമായ നന്ദി.

*CML 41 /2017* **സമ്മാനകൂപ്പൺ**

ഈ വർഷം രൂപതാതലത്തിൽ സമ്മാനകൂപ്പൺ തയ്യാറാക്കിയിരുന്നു. ഒരു കൂപ്പണ് 10 രൂപയാണ് വില. ഓരോ കൂപ്പൺ ബുക്കും പൂർണ്ണമായും ചെലവാക്കുമ്പോൾ കുട്ടിക്ക് 20 രൂപയും യൂണിറ്റിന് 10 രൂപയും വീതം കമ്മീഷൻ എടുക്കാവുന്നതാണ്. പൂർണ്ണമാകാത്ത ബുക്കിന് കമ്മീഷൻ ഉണ്ടായിരിക്കുന്നതല്ല. കമ്മീഷൻ കിഴിച്ച് ഒരു ബുക്കിന് 170 രൂപ വച്ച് 2017 ആഗസ്റ്റ് 30-ാം തീയതിയ്ക്കുമുമ്പ് രൂപത ഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

*CML 42 /2017* **ദൈവവിളി സെമിനാർ**

രൂപത മൈനർ സെമിനാരിയോടു സഹകരിച്ച് നടത്തുന്ന ബർക്കുമൻസ് മീറ്റ് എല്ലാ ഫൊറോനകളിലും സംഘടിപ്പിക്കുന്നു. അതതു ഫൊറോന കേന്ദ്രങ്ങളിൽ കഴിയുന്നത്ര വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുക. മേഖല ഭാരവാഹികൾ അതതു ഫൊറോനകളിൽ നേതൃത്വം നല്കുക.

*CML 43 /2017* **ശാഖാ ക്യാമ്പ്**

സപ്തതി നിറവിന്റെ ആഹ്ലാദം സംഘടനയിൽ ഉയരുമ്പോഴും വിശ്വാസ ക്ഷയത്തിന്റെയും ധാർമ്മീകാധഃപതനത്തിന്റെയും ഭീകര ദംഷ്ട്രകൾ യുവതലമുറയിൽ പിടിമുറുക്കുന്നതിന്റെ നേർസാക്ഷികൾ ആകേണ്ടിവരുന്നു. ഈ യാഥാർത്ഥ്യങ്ങൾ തിരിച്ചറിഞ്ഞ് നാം ഒരുക്കുന്ന ക്രിയാത്മക പദ്ധതിയാണ് ശാഖാ ക്യാമ്പ്. രൂപതയിലെ 110 ഇടവകകളിലും ദ്വിദിന ശാഖാ ക്യാമ്പുകൾ ഒരുക്കി കത്തോലിക്കാസഭയുടെ അടിത്തറ ശക്തിപ്പെടുത്താനുതകുന്ന പദ്ധതിയാണിത്. രൂപതതലത്തിൽ തുടർപരിശീലന പദ്ധതികൾ നടത്തി ഒരോ ശാഖകളിലേയ്ക്കുമുള്ള ക്യാമ്പ് അണിയറ പ്രവർത്തകരെ ഒരുക്കിക്കഴിഞ്ഞു. 8 മേഖലകൾക്ക് 8 ടീമുകളാണ് രൂപം നല്കിയിരിക്കുന്നത്. വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ നയിക്കുന്നവരും ക്യാമ്പ് ഇൻ ചാർജ്ജേഴ്സുമാണ് ഓരോ ടീമിലും ഉൾപ്പെടുത്തിയിരിക്കുന്നത്. ഓരോ ഇടവകകളുടെയും സൗകര്യമനുസരിച്ച് റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ ക്യാമ്പുകൾ ക്രമീകരിക്കാവുന്നതാണ്.

*Director*



## കെ.സി.എസ്.എൽ.

*KCSL 16/2017* **പ്രവർത്തനവർഷാരംഭം**

ജൂൺ 17-ന് രൂപതാ കൗൺസിൽ അഭിവന്ദ്യപിതാവ് ഉദ്ഘാടനം ചെയ്ത് പ്രവർത്തനവർഷം സമാരംഭിച്ചു. 3 വർഷം സേവനം ചെയ്ത രൂപതാഭാരവാഹികളുടെ കാലാവധി കഴിഞ്ഞ സാഹചര്യത്തിൽ പുതിയ ഭരണസമിതി തെരഞ്ഞെടുപ്പ് നടന്നു.

*KCSL 17/2017* **പുതിയ ഭാരവാഹികൾ**

പ്രസിഡന്റ് - ജിജോ മാനുവേൽ (കല്ലാനിക്കൽ)

വൈസ് പ്രസിഡന്റ് - സി. ലീജിയ FCC (SJHSS, പൈങ്ങോട്ടൂർ)

വൈസ് പ്രസിഡന്റ് - ജെയ്മോൻ മാടപ്പിള്ളിക്കുന്നേൽ (SXPS, പോത്താനിക്കാട്)

ഓർഗനൈസർ- സി. ആൽഫി ചെമ്പരത്തി SABS (സെന്റ് മേരീസ് HSS, കാളിയാർ)

ട്രഷറർ - സി. ലിസ പുളിക്കൽ SABS (ജയ്റാണി EMHSS തൊടുപുഴ)

HSS ആനിമേറ്റർ - സി. നിർമ്മൽ SH (SSHSS പുറപ്പുഴ)

HS ആനിമേറ്റർ - ലൈഷ സിറിയക് (SMHS നാകപ്പുഴ)

UP ആനിമേറ്റർ - മേഴ്സി ജോസഫ് (SAHSS കല്ലൂർക്കാട്)

എക്സിക്യൂട്ടീവ് അംഗങ്ങൾ

ഷിന്റോ ജോസ് (SGHSS കലയന്താനി)

സി. ജൂലിയറ്റ് CMC (SGHSS കോതമംഗലം

സി. കൊച്ചുറാണി SH (ലിറ്റിൽ ഫ്ളവർ HS, ഊന്നുകൽ)

സി. ലിറ്റിൽ ട്രീസ CMC (സെന്റ് ജോസഫ് HS, ആരക്കുഴ)

വിദ്യാർത്ഥി ഭാരവാഹികൾ

ചെയർമാൻ - അലക്സ് ജോർജ് (Jairani Public School തൊടുപുഴ)

ജനറൽ സെക്രട്ടറി - മരിയ ബെന്നി (SXPS പോത്താനിക്കാട്)

HSS സെക്രട്ടറി - ജാൻവി വർഗീസ്

HSS സെക്രട്ടറി - അരുൺ ജോസ് (SJHSS പൈങ്ങോട്ടൂർ)

HS സെക്രട്ടറി - അലൻ സാവിയോ (SJHS വെളിയേൽച്ചാൽ)

HS സെക്രട്ടറി - അൽഫോൻസ (SGHSS മൂവാറ്റുപുഴ)

UP സെക്രട്ടറി - അൽബിൻ പ്രിൻസ് (SGUPS കല്ലാനിക്കൽ)

UP സെക്രട്ടറി - ആനന്ദ് ജോ നെടുംകല്ലേൽ (SSUPS തൊടുപുഴ)

UP സെക്രട്ടറി - ജോവാന വിൻസെന്റ് (JRPS കാളിയാർ)

പുതിയ ഭാരവാഹികൾക്ക് എല്ലാ പ്രവർത്തനവിജയങ്ങളും 3 വർഷം സേവനം ചെയ്ത് കടന്നുപോയവർക്ക് ഹൃദയം നിറഞ്ഞ നന്ദി യും. പുതിയ ഭാരവാഹികൾ ജൂലൈ 1-ന് ആനിമേറ്റേഴ്സ് കോൺഫ്രൻസിനു സത്യപ്രതിജ്ഞ ചെയ്യും.

*KCSL 18/2017* **തിരുവചനബോർഡ് സ്ഥാപനം**

തിരുവചനവ്യാപ്തിക്കായി എല്ലാ സ്കൂളുകളിലും തിരുവചന ബോർഡ് ജൂലൈ 7-ാം തീയതി സ്ഥാപിക്കണം.

*KCSL 19/2017* **സേവനദിനം**

ജൂലൈ 21 സേവനദിനമായി ആചരിക്കുന്നു. അന്നേ ദിവസം അനുയോജ്യമായ സേവനപ്രവർത്തനങ്ങൾ യൂണിറ്റ് തലത്തിൽ ആവി ഷ്ക്കരിക്കണം.

*KCSL 20/2017* **സ്ക്രാച്ച് & വിൻ കൂപ്പൺ**

സ്ക്രാച്ച് & വിൻ കൂപ്പൺ വില്പന പൂർത്തിയാക്കി ജൂലൈ മാസ ത്തിൽ തിരിച്ചേല്പിക്കണം. 200 രൂപയിൽ 30 രൂപ സ്കൂൾ യൂണി റ്റിനും 20 രൂപ കുട്ടിക്കും കമ്മീഷനായിരിക്കും. 150 രൂപ ഓഫീസിൽ തിരിച്ചേല്പ്പിക്കണം.

*KCSL 21/2017* **വെബ്സൈറ്റ് രജിസ്ട്രേഷൻ**

എല്ലാ അംഗങ്ങളുടെയും പേരുകൾ വൈബ്സൈറ്റിൽ എന്റർ ചെയ്യണം. യൂണിറ്റ് ആനിമേറ്റേഴ്സ് അവരുടെ പേരും ഫോൺ നമ്പറും നിർദ്ദിഷ്ടഭാഗത്ത് നിർബന്ധമായും ചേർക്കണം. സാഹിത്യകലാ രജി സ്ട്രേഷനുകളെല്ലാം ഇനിമുതൽ ഓൺലൈൻ ആയിരിക്കും വെബ്സൈറ്റ് സ്ഥിരമായി സന്ദർശിക്കുന്നത് പുതിയ അപ്ഡേറ്റുകൾ മനസ്സിലാക്കുന്നതിന് ഉപകരിക്കും

വെബ്സൈറ്റ് - www.cmlkcslkothamangalam.com



*KCSL 22/2017* **പഠനവിഷയം**

കഴിഞ്ഞ 102 വർഷങ്ങളുടെ നന്മയുമായി കെ.സി.എസ്.എൽ. പുത്തൻ വിദ്യാലയവർഷത്തിലേക്ക് പ്രവേശിക്കുന്നു. ഈ വർഷം സ്റ്റഡി സർക്കിൾ പാഠപുസ്തകമായി തെരഞ്ഞെടുത്തിരിക്കുന്നത് സംഘട നയുടെ മുൻ പ്രസിഡന്റ് ശ്രീ. കുര്യാച്ചൻ രചിച്ച "ജീവിതം വിസ്മയം" എന്ന പുസ്തകമാണ്. ഉപപാഠപുസ്തകമായ "വിവാ ക്രിസ്റ്റേരെ" വി. ജോസ് ലൂയിസിന്റെ ജീവിത കഥയാണ്. രചന നിർവഹിച്ചത് ശ്രീ. ആന്റണി ചടയംമുറിയാണ്.

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ് (DFC)

*DFC 34/2017* **മൂവാറ്റുപുഴയ്ക്ക് പുതിയ സഹ ഡയറക്ടർ**

മൂവാറ്റുപുഴ ഫൊറോന സഹഡയറക്ടറായി റവ. ഫാ. ഫ്രാൻസിസ് മഠത്തിപ്പറമ്പിലിനെ അഭിവന്ദ്യ പിതാവ് നിയമിച്ചു.

*DFC 35/2017* **യൂണിറ്റ് തല പ്രസിഡന്റ്, വൈസ് പ്രസിഡന്റ് സംഗമം**

യൂണിറ്റ്തല പ്രസിഡന്റുമാരുടെയും വൈസ് പ്രസിഡന്റുമാരു ടെയും രൂപതാതല മീറ്റിംഗ് ജൂലൈ 15-ന് നെസ്റ്റിൽ വച്ച് ഉച്ചയ്ക്കു ശേഷം 2.30-ന് നടത്തുന്നതാണ്.

*DFC 36/2017* **രൂപതാ നേതൃത്വ പരിശീലനക്യാമ്പ്**

രൂപതാ നേതൃത്വപരിശീലനക്യാമ്പ് ജൂലൈ 29-ന് രാവിലെ 9.30-ന് ആരംഭിച്ച് 30-ാം തീയതി 12.30-ന് അവസാനിക്കുന്നു. അഭി വന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ ആരംഭിക്കുന്ന നേതൃത്വക്യാമ്പിന് രൂപതാതലഭാരവാഹികളും ദീപിക എം.ഡി. റവ. ഡോ. മാണി പുതി യടവും സംസ്ഥാനതലഭാരവാഹികളും നേതൃത്വം നൽകുന്നു. എല്ലാ ഇടവകകളിൽ നിന്നും ഇടവക സമിതി അംഗങ്ങളാണ് ഈ നേതൃത്വ ക്യാമ്പിൽ പങ്കെടുക്കേണ്ടത്. ബഹു. ഫൊറോന ഡയറക്ടർ അച്ചന്മാ രുടെ നേതൃത്വത്തിലുള്ള ചർച്ചകൾ, ക്ലാസ്സുകൾ, വിലയിരുത്തലുകൾ, ദീപികയെയും പ്രവർത്തനപദ്ധതികളെയും പരിചയപ്പെടൽ തുട ങ്ങിയവയെല്ലാം ക്യാമ്പിന്റെ പ്രത്യേകതകളാണ്.

*DFC 37/2017* **യൂണിറ്റ്തല ശാക്തീകരണവും ഫൊറോന കൺവെൻഷനുകളും**

ഫൊറോന DFC ഡയറക്ടർമാരുടെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഇടവക ശാക്തീകരണവും ഫൊറോന കൺവെൻഷനുകളും ജൂലൈ 16-നു മുമ്പ് പൂർത്തിയാക്കി നവീകരിക്കപ്പെട്ട ഭാരവാഹികളുടെ പേരുകൾ ജൂലൈ 18-ന് DFC രൂപതാ സെക്രട്ടറിയെ ഏല്പിക്കേണ്ടതാണ്.

*DFC 38/2017* **'നമ്മുടെ ഭാഷാപദ്ധതി' സ്കൂളുകളിൽ**

കോതമംഗലം രൂപതാതിർത്തിക്കുള്ളിലുള്ള എല്ലാ സ്കൂളുകളിലും ഒരു ക്ലാസ്സ് മുറിയിൽ ഒരു ദീപിക എന്ന രീതിയിൽ ദീപിക എത്തിക്കുവാനുള്ള ശ്രമത്തിൽ സഹകാരികളായ എല്ലാ പ്രധാന അദ്ധ്യാപകർക്കും സഹപ്രവർത്തകർക്കും നന്ദിയും അഭിനന്ദനങ്ങളും നേരുന്നു. ഇനിയും "നമ്മുടെ ഭാഷാപദ്ധതി" പൂർത്തിയാക്കാത്ത സ്കൂളുകളിൽ DFC ഭാരവാഹികളുടെയും അധ്യാപകരുടെയും സംയുക്താഭിമുഖ്യത്തിൽ എല്ലാ ക്ലാസ്സുകളിലും ദീപിക എത്തിക്കുമല്ലോ.

*DFC 39/2017* **വനിതാഭാരവാഹികളുടെ സംഗമം**

ജൂലൈ 8-ന് മൂവാറ്റുപുഴ നെസ്റ്റിൽ 2.00 pm-ന് നടക്കുന്ന വനിതാഭാരവാഹികളുടെ സംഗമത്തിൽ എല്ലാ ഇടവകകളിൽ നിന്നുമുള്ള വനിതാഭാരവാഹികളെയും ബഹുമാനപ്പെട്ട വികാരിയച്ചന്മാർ പറഞ്ഞയയ്ക്കുമല്ലോ.

*DFC 40/2017* **സ്റ്റേറ്റ് കമ്മിറ്റി മീറ്റിംഗ്**

സ്റ്റേറ്റ് കമ്മിറ്റി മീറ്റിംഗ് മെയ് 26-ന് കോട്ടയത്ത് ദീപിക ഓഫീസിൽ വച്ചു നടന്നു. എല്ലാ രൂപതകളിലും അടുത്ത മൂന്നു മാസത്തിനുള്ളിൽ നടപ്പാക്കേണ്ട പദ്ധതികളെക്കുറിച്ച് ചർച്ചകൾ നടത്തുകയും ജൂലൈ 30-ന് മുമ്പ് എല്ലാ രൂപതകളിലെയും മുഴുവൻ ഇടവകകളിലും DFC യൂണിറ്റ് സ്ഥാപിക്കണമെന്നും ദീപിക സർക്കുലേഷൻ നിലനിർത്തിക്കൊണ്ടുപോകുവാനുള്ള തുടർവിലയിരുത്തലുകളും പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കണമെന്നും തീരുമാനിച്ചു.

*Director*



## സോഷ്യൽ സർവീസ്

*SS. 6 /2017* **ദുരിതാശ്വാസസഹായം**

ആലപ്പുഴ രൂപതയിലെ സോഷ്യൽ സർവീസ് വഴി അവിടെ കടലാക്രമണം നടന്ന ദുരിതബാധിത പ്രദേശങ്ങൾ KSSS ഡയറക്ടറും ടീമും സന്ദർശിക്കുകയും അരി നല്കുകയും ചെയ്തു.

*SS. 7 /2017* **കാൻസർ രോഗികളുടെ സംഗമം**

ജൂലൈ 5-ാം തീയതി കാൻസർ രോഗികളുടെ സംഗമം മൂവാറ്റുപുഴ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു. രാവിടെ 9.30-ന് ആരാധനയും കുമ്പസാരവും അഭിവന്ദ്യ പിതാവിന്റെ കാർമ്മികത്വത്തിൽ വി. ബലിയും ഉണ്ടായിരിക്കും. ഉച്ചകഴിഞ്ഞ് റവ. ഡോ. ഡേവീസ് ചിറമേലച്ചന്റെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.

*Director*

## യുവദീപ്തി

*YD 13 /2017* **രൂപത അർദ്ധവാർഷിക കൗൺസിൽ**

യുവദീപ്തി പ്രസ്ഥാനത്തിന്റെ ആറുമാസക്കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഭാവി പരിപാടികൾ ആലോചിക്കുന്നതിനുമായി ജൂലൈ 8-ാം തീയതി രൂപതാ അർദ്ധവാർഷിക കൗൺസിൽ മൂവാറ്റുപുഴ നിർമ്മല ജൂണിയർ പബ്ലിക് സ്കൂളിൽ വച്ച് നടത്തപ്പെടുന്നു. ഫൊറോനാ ഭാരവാഹികളും 2016 പ്രവർത്തനവർഷത്തിലെ രൂപതാ ഭാരവാഹികളും നിലവിലെ രൂപതാ ഭാരവാഹികളുമാണ് കൗൺസിലിൽ പങ്കെടുക്കേണ്ടത്. രൂപതയിൽ നിന്നു നൽകുന്ന നിശ്ചിത ഫോമിൽത്തന്നെ ഫൊറോനാ റിപ്പോർട്ട് അവതരിപ്പിക്കേണ്ടതാണ്. രാവിലെ 9.30 -ന് ആരംഭിക്കുന്ന കൗൺസിലിൽ എല്ലാ കൗൺസിൽ അംഗങ്ങളും പങ്കെടുക്കേണ്ടതാണ്

*YD 14 /2017* **ക്വിസ് മത്സരം**

സഭയെയും പ്രസ്ഥാനത്തെയും കൂടുതൽ അടുത്തറിയുവാനായി നടത്തുന്ന ക്വിസ് മത്സരത്തിന്റെ ഫൊറോനാതല മത്സരങ്ങൾ ജൂലൈ 23-ാം തീയതി നടത്തും. ഫൊറോനാതല മത്സരങ്ങൾക്കുള്ള ചോദ്യ

ങ്ങൾ രൂപതയിൽ നിന്നും നൽകും. ഓരോ ഫൊറോനയുടെയും മത്സ രങ്ങൾ അതതു ഫൊറോന കേന്ദ്രങ്ങളിൽ വച്ചാകും നടത്തുക.

*YD 15 /2017* **ലോഗോ മത്സരം**

സെപ്തംബർ 29, 30 ഒക്ടോബർ 1, 2 ദിവസങ്ങളിൽ നടത്തുന്ന 9-ാമത് യുവജനകൺവെൻഷൻ "Awake 2017"-ന് ലോഗോ മത്സരം നടത്തുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ജൂലൈ 16-ന് മുമ്പായി രൂപതാ ഓഫീസിൽ ഡിസൈൻചെയ്ത ലോഗോയും ലോഗോയെ ക്കുറിച്ചുള്ള വിവരണവും എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9037907058 എന്ന നമ്പറിൽ വിളിക്കുക.

*Director*

## ജീസസ് യൂത്ത്

*JY 16/2017* **സോണൽ കൗൺസിൽ പുനഃസംഘടന**

ജൂൺ 18-ാം തീയതി ഞായറാഴ്ച സോണൽ അസംബ്ലി നടത്തി പുതിയ കൗൺസിൽ തിരഞ്ഞെടുത്തു. പത്ത് പേരാണ് പുതിയ ടീമിൽ തെരഞ്ഞെടുക്കപ്പെട്ടത്. തൊടുപുഴയിൽ നിന്നുള്ള അബി സെബാസ്റ്റ്യൻ ആണ് പുതിയ കോ- ഓർഡിനേറ്റർ. ജിറ്റോ ജോസഫ് ജോയി ആണ് അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ.

മറ്റു ടീം അംഗങ്ങൾ- അഗസ്റ്റിൻ ജോണി വെട്ടിമറ്റം, ആൽബിൻ ആന്റണി കുട്ടമ്പുഴ, ഡയസ് മാത്യു ചിറ്റൂർ, ജോഫിൻ ജോസഫ് കോട്ട പ്പടി, മാത്യൂ തോമസ് ഊന്നുകൽ, വിജയ് വില്യം മൈലക്കൊമ്പ്, ധന്യ ബേബി മുണ്ടൻമുടി, പ്രൻസി ബേബി പൂയംകുട്ടി എന്നിവരാണ്. പുതിയ ടീം അംഗങ്ങൾക്ക് എല്ലാവിധ ആശംസകളും പ്രാർത്ഥനയും നേരുന്നു.

*JY 17/2017* **Full timers**

കോതമംഗലം സോണിൽ നിന്നും ഒരു വർഷത്തേക്ക് Full Timers ആയി ആറു പേർ തിരഞ്ഞെടുക്കപ്പെട്ടു. കത്തീഡ്രലിൽ നിന്നും അലക്സ് പി. സോജൻ, അജോ പയസ്, പൂയംകുട്ടി ഇടവകയിൽ നിന്നും ആൻമേരി ബെന്നി, അൽഫോൻസ ബെന്നി, അഞ്ചിരി ഇടവകയിൽ നിന്നും ആൻ മേരി മാനുവൽ, എം.എ. എഞ്ചിനീയറിംഗ് കോളേജിൽ



പഠിച്ച ചേർത്തല സ്വദേശി നിതിൻ ബോബൻ എന്നിവരാണ് തിര ഞ്ഞെടുക്കപ്പെവർ. ഇവർക്ക് എല്ലാവിധ ആശംസകളും പ്രാർത്ഥനയും നേരുന്നു.

*JY 17/2017* **നൈറ്റ് വിജിൽ**

ജീസസ് യൂത്ത് കോതമംഗലം സോൺ നൈറ്റ് വിജിൽ ജൂൺ 9-ാം തീയതി വെള്ളിയാഴ്ച 6.00 pm മുതൽ 12.00 am വരെ നെസ്റ്റിൽ വച്ച് നടന്നു. അടുത്ത നൈറ്റ് വിജിൽ ജൂലൈ 7-ാം തീയതി വെള്ളി യാഴ്ചയായിരിക്കും.

*Animator*

## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 31 /2017* **രൂപതാസമിതി**

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാസമിതി ജൂലൈ 20 വ്യാഴാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 2.00 മണി വരെ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

*FA 32 /2017* **ആനിമേറ്റേഴ്സ് മീറ്റ്**

ഫാമിലി അപ്പോസ്റ്റലേറ്റ് ആനിമേറ്റർമാരുടെ കൂട്ടായ്മ ജൂലൈ 29 ശനിയാഴ്ച 10.00 മണി മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. ഫൊറോന, ഇടവക ആനിമേറ്റേഴ്സാണ് പങ്കെടുക്കേണ്ടത്.

*FA 33 /2017* **യൂദിത്ത് ധ്യാനം**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെയും മാതൃവേദിയുടെയും സംയു ക്ത ആഭിമുഖ്യത്തിൽ വിധവകൾക്കായുള്ള യൂദിത്ത് ധ്യാനം ജൂലൈ 21 മുതൽ 23 വരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽ വച്ച് നടത്തപ്പെടും, ധ്യാനം 21 വെള്ളിയാഴ്ച വൈകിട്ട് 4.00 മണിക്ക് ആരംഭിച്ച് 23 ഞായർ വൈകിട്ട് 5.00 മണിക്ക് അവസാനിക്കും. ധ്യാനഫീസ് 350 രൂപ.

## *FA 22 /2017* Marriage Preparation Courses in Kerala, July 2017

| DIOCESE / ARCHDIOCESE | 1st Week | 2nd Week | 3rd Week | 4th Week |
|---|---|---|---|---|
| Alappuzha 8113934970 | 7-9 | | | |
| Changanachery 0481-2424476 9495509843 | 7-9 | 10-12 | 17-19 | 24-26 |
| Ernakulam (Kaloor) 0484-2533077 | 4-6 | 10-12 | 17-19 | 24-26 |
| Ernakulam (Kalady) 0484-2462607 | | 11-13 | 18-20 | 25-27 |
| Idukki 04864222632,9446837178 | | 10-12 | | 22-24 |
| Irinjalakuda 0480-2880439,9447992216 | | 10-12 | | 24-26 |
| Kanjirappally 0482-8205628,9497096431 | 3-5 | | | 27-29 |
| Kannur 9447144869 | 2-4 | | | |
| Kochi (Latin) 0484-2328077,8547723791 | 6-9 | | | 27-30 |
| Kollam (Latin) 0474-2749349,9645671314 | 5-7 | 12-14 | | 26-28 |
| Kothamangalam 0485-2830033,9497559766 | 5-7 | | 19-21 | |
| Kottappuram (Latin) 0480-2807733 | 5-7 | | | |
| Kottayam 0481-2790947,9495080049 | | 6-8 | | |
| Mananthavady 0493-5241335,9567764944 | | | | 21-24 |
| Mavelikkara (Malankara) 9447280528 | | 7-9 | | |
| Neyyattinkara (Latin) 9447005093 | | 12-14 | | |
| Pala 0482-2210049 | | 10-12 | | 31-2 |
| Palakkad 8281340073 | 3-6 | | | |
| Pathanmthitta 9446171556 | | 7-9 | | |
| Sulthanpett 9495911256 | | 8-9 | | |
| Thalassery 0490-2343414,9656862148 | 4-6 | | | 25-27 |
| Thamarassery 0495-2730860 | | 5-8 | | |
| Thiruvalla 9495556074 | 4-6 | | 18-20 | |
| Thiruvananthapuram (Latin) 9447429407 | 7-9 | | | 24-26 |
| Thiruvananthapuram(Malankara) 0471-2393679 | | | 14-16 | |
| Thrissur 0487-2336066,9605043327 | 5-7 | 12-14 | 19-21 | 26-28 |
| Varappuzha 0484-2393739,9447817698 | 7-9 | | | |
| Vijyapuram 9447182300 | | 6-8 | | |

*Director*



# മാതൃവേദി

### *MV 22 /2017* ഉണർവ്

ഉണർവ് ട്രെയിനിംഗ് പ്രോഗ്രാമിന്റെ അർദ്ധവാർഷിക ആഘോഷങ്ങൾ 21-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.30 മുതൽ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ നടക്കും.

### *MV 23 /2017* ജൈവകൃഷി

രണ്ടാംഘട്ട ജൈവകൃഷി മത്സരങ്ങൾ ജൂലൈ മാസത്തിൽ ആരംഭിക്കും. ഒക്ടോബർ, നവംബർ മാസത്തിൽ ഫൊറോന, രൂപത തല വിലയിരുത്തലുകൾ നടക്കും.

### *MV 24 /2017* ആനിമേറ്റേഴ്സ് മീറ്റ്

മാതൃവേദിയുടെ ഇടവക, ഫൊറോന ആനിമേറ്റർമാരുടെ സമ്മേളനം 29-ാം തീയതി ശനിയാഴ്ച 10 മണിമുതൽ 3 മണിവരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കും.

### *MV 25 /2017* ഫൊറോനാ സന്ദർശനം

ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ രൂപതാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഫൊറോനാ സന്ദർശനം നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതാണ്.

*Director*

# D.C.M.S.

### *DCMS 5/2017* നന്ദി

DCMS രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ മെയ് 25 മുതൽ 28 വരെ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തിയ ജീവിതദർശന ക്യാമ്പിൽ വിവിധ ഇടവകകളിൽ നിന്നായി 64 കുട്ടികളും അവരുടെ മാതാപിതാക്കളും പങ്കെടുത്തു. ഇവരെ പറഞ്ഞയച്ച ബ. വികാരിയച്ചന്മാർക്കും DCMS ഭാരവാഹികൾക്കും നന്ദി.

*DCMS 6/2017* **രൂപതാ കമ്മിറ്റി**

11-06-2017-ൽ ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ രൂപതാകമ്മിറ്റി കൂടി ഭാവിപരിപാടികളെക്കുറിച്ച് ചർച്ച നടത്തി തീരുമാനങ്ങൾ എടുത്തു.

*Director*

## ഓൾ കേരള കാത്തലിക് കോൺഗ്രസ് (AKCC)

*AKCC 10 /2017* **ഇലക്ഷൻ നോട്ടിഫിക്കേഷൻ**

ഒരു നൂറ്റാണ്ടിന്റെ ചരിത്രപാരമ്പര്യമുള്ള സീറോ മലബാർ സഭയുടെ സാമുദായിക സംഘടനയായ കത്തോലിക്കാ കോൺഗ്രസ് ഇപ്പോൾ രണ്ടാംതിരിച്ചുവരവിലാണ്. സീറോമലബാർ സഭയ്ക്ക് ആഗോളമാനം വന്നിരിക്കുന്ന ഈ കാലഘട്ടത്തിൽ കത്തോലിക്കാ കോൺഗ്രസ്സിനും ആഗോളമാനം അനിർവാര്യമായിരിക്കുന്നു. അതുകൊണ്ട് തന്നെ കത്തോലിക്കാ കോൺഗ്രസ്സിന്റെ ഭരണഘടനയ്ക്ക് മാറ്റം വരുത്തി. മുഴുവൻ സീറോമലബാർ സഭാ വിശ്വാസികളെയും പങ്കാളികളാക്കുന്ന ഒരു സാമുദായിക സംഘടനയാണ് കത്തോലിക്കാ കോൺഗ്രസ്സിലൂടെ സഭ വിഭാവനം ചെയ്യുന്നത്.

കത്തോലിക്കാ കോൺഗ്രസിന്റെ ഭരണഘടന അനുസരിച്ച് അംഗത്വവിതരണവും ഭാരവാഹികളുടെ തിരഞ്ഞെടുപ്പും ഓരോ മൂന്നുവർഷം കൂടുമ്പോഴും നടത്തേണ്ടതുണ്ട്. ഇതിനുള്ള ഇലക്ഷൻ നോട്ടിഫിക്കേഷൻ വന്നു കഴിഞ്ഞു. ഈ വിജ്ഞാപനം അനുസരിച്ച് കോതമംഗലം രൂപതയിൽ അംഗത്വവിതരണവും യൂണിറ്റ് തിരഞ്ഞെടുപ്പും ഊർജിതമായി പുരോഗമിക്കുന്നു.

കത്തോലിക്കാ കോൺഗ്രസിന്റെ ഇലക്ഷൻ വിജ്ഞാപനം അനുസരിച്ച് നമ്മുടെ രൂപതയിൽ 2017 ജൂലൈ 15-നകം യൂണിറ്റ് തിരഞ്ഞെടുപ്പും സെപ്തംബർ 2017-ൽ രൂപത തിരഞ്ഞെടുപ്പും നടത്തണം. ഒക്ടോബറിലാണ് കേന്ദ്രസമിതിയുടെ തിരഞ്ഞെടുപ്പ്.

കോതമംഗലം രൂപതയിൽ നടന്നുകൊണ്ടിരിക്കുന്ന AKCC യുടെ അംഗത്വവിതരണവും യൂണിറ്റ് തിരഞ്ഞെടുപ്പും ഒരു വൻ വിജയമാക്കി



മുഴുവൻ ഇടവകകളിലും യൂണിറ്റ് തിരഞ്ഞെടുപ്പ് നടത്താൻ എല്ലാവരുടെയും സഹായസഹകരണം പ്രതീക്ഷിക്കുന്നു.

*Director*

## Emmanuel Retreat Centre, Vazhakulam

*ERC 8 /2017*

ധ്യാന കേന്ദ്രത്തിന്റെ പുതിയ ഡയറക്ടറായി റവ. ഫാ. പോൾ മൈലക്കച്ചാലിൽ, മെയ് 20-ാം തീയതി ശനിയാഴ്ച്ച ചുമതലയേറ്റു.

*ERC 9 /2017*

2017 മെയ് മാസത്തിലെ രാത്രി ആരാധന 26-ാം തീയതി വെള്ളിയാഴ്ച്ച ധ്യാനകേന്ദ്രത്തിൽ വച്ച് നടന്നു. ഉച്ചയ്ക്ക് 3 മണിയ്ക്ക് ദിവ്യകാരുണ്യ ആരാധനയോടെ ആരംഭിച്ചു. കുരിശിന്റെ വഴി, ജപമാല, കുമ്പസാരം, വി.കുർബാന, ദിവ്യകാരുണ്യ പ്രദക്ഷണം. എന്നീ ശുശ്രൂഷകൾക്ക് ശേഷം രാത്രി പത്തുമണിക്ക് സമാപിച്ചു. ശുശ്രൂഷകൾക്ക് ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. പോൾ മൈലക്കച്ചാലിൽ, അസി. ഡയറക്ടർ ഫാ. വർഗ്ഗീസ് പാറമേൽ എന്നിവർ നേതൃത്വം നൽകി.

*ERC 10 /2017*

എല്ലാ മാസവും അവസാന തിങ്കളാഴ്ച്ച നടത്താറുള്ള തിരുസഭയ്ക്കുവേണ്ടിയുള്ള മദ്ധ്യസ്ഥ പ്രാർത്ഥനകളും ആരാധനയും നടന്നു. വിസ്ഡം മിഷന്റെ നേതൃത്വത്തിൽ ശുശ്രൂഷകർ പങ്കെടുത്തു. വൈകിട്ട് 6.30ന് ആരംഭിച്ച് രാത്രി 9 മണിയ്ക്ക് സമാപിച്ചു.

*ERC 11 /2017* **ധ്യാനകേന്ദ്രത്തിലെ ജൂലൈ മാസത്തെ ശുശ്രൂഷകൾ**

1. എല്ലാ വെള്ളിയാഴ്ച്ചകളിലും രാവിലെ 10 മണിമുതൽ വൈകിട്ട് 5 മണിവരെ ദിവ്യകാരുണ്യ ആരാധന, കൗൺസലിംഗ്, കുമ്പസാരം, കുരിശിന്റെ വഴി, ജപമാല, കരുണക്കൊന്ത, 5 മണിക്ക് വി.കുർബ്ബാനയോടുകൂടി സമാപിക്കും.
2. ഞായറാഴ്ച്ച ഒഴികെയുള്ള ദിവസങ്ങളിൽ ഉച്ചയ്ക്ക് 3 മണി മുതൽ ദിവ്യകാരുണ്യ ആരാധന കുമ്പസാരം, ജപമാല കുരിശിന്റെ വഴി വൈകിട്ട് 5 മണിക്ക് വി. കുർബാനയോടെ സമാപിക്കും.
3. ജൂലൈ മാസത്തെ ദിവ്യകാരുണ്യ രാത്രി ആരാധന 28-ാം തീയതി

വെള്ളിയാഴ്ച്ച നടക്കും. ഉച്ചയ്ക്ക് 3 മണിക്ക് ദിവ്യകാരുണ്യ പ്രതിഷ്ഠയോടെ ശുശ്രൂഷകൾ ആരംഭിക്കും 4 മണിയ്ക്ക് ദിവ്യകാരുണ്യ ആരാധന 5 മണിമുതൽ അനുരഞ്ജന ശുശ്രൂഷ (കുമ്പസാരം) 6 മണിക്ക് വചന സന്ദേശം 8 മണിക്ക് വി. കുർബാന ദിവ്യകാരുണ്യ പ്രദിക്ഷണം. വിടുതൽ ശുശ്രൂഷ സൗഖ്യപ്രാർത്ഥന. 10 മണിക്ക് ശുശ്രൂഷകൾ സമാപിക്കും.

4. 18-ാം-ം തീയതി ചൊവ്വാഴ്ച്ച (മൂന്നാം ചൊവ്വ) ബഹു. വൈദികരുടെ കൂട്ടായ്മ വൈകിട്ട് 7 മുതൽ 8.30 വരെ.

*Director*

## പ്രാർത്ഥനാഗ്രൂപ്പ്

*PG 5 /2017* **സബ്സോൺ പുനഃസംഘടന**

കോതമംഗലം കരിസ്മാറ്റിക് സോണിലെ 8 സബ് സോണുകൾ പുനഃസംഘടിപ്പിച്ചു.

പൈങ്ങോട്ടൂർ ജയിംസ് തുറക്കൽ പുത്തൻപുര, കരിമണ്ണൂർ തങ്കച്ചൻ കാരുവേലിൽ, തൊടുപുഴ മാത്യു കൊട്ടാരത്തിൽ, വാഴക്കുളം വി. കെ. ജോസഫ് വടക്കുംപാടത്ത്, മാറിക പോൾ രാജ് കൊള്ളികുന്നേൽ, മൂവാറ്റുപുഴ ജോയിച്ചൻ തെന്നാന, കോതമംഗലം ജിമ്മി പി. മാത്യു പുതിയാത്ത്, ഊന്നുകൽ ജോണി ഇലവുംകുടി എന്നിവരുടെ നേതൃത്വത്തിൽ 9 അംഗ സേവനസമിതി ജൂൺ 2 വെള്ളിയാഴ്ച അഭിഷേക പ്രാർത്ഥനയോടെ ശുശ്രൂഷകൾ ആരംഭിച്ചു.

കോതമംഗലം സബ്സോൺ സേവനസമിതിയുടെ പ്രവർത്തനോദ്ഘാടനം ജൂൺ 16 വെള്ളിയാഴ്ച കത്തീഡ്രൽ പാരിഷ് ഹാളിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവഹിച്ചു. അന്നേ ദിവസത്തെ സബ് സോൺ കൂട്ടായ്മയിലെ വചന ശുശ്രൂഷ ഭൂതത്താൻകെട്ട് നിർമ്മൽഗ്രാം ധ്യാനകേന്ദ്രത്തിലെ ഡയറക്ടർ റവ. ഫാ. ബിനോയി മാരിപ്പാട്ട് CMI നിർവഹിച്ചു.

കോതമംഗലം സോണൽ പ്രാർത്ഥനാഗ്രൂപ്പ് ഡയറക്ടർ, റവ. ഫാ. ജോർജ് കുരിശുംമൂട്ടിലിന്റെ നേതൃത്വത്തിൽ ജൂൺ 3 ശനിയാഴ്ച കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, രൂപതാ ചാൻസിലർ റവ. ഫാ. ജോസ് പുല്ലോപ്പിള്ളിൽ എന്നിവരെ



സന്ദർശിച്ച് സോണൽ പ്രാർത്ഥനാഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചർച്ച ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു.

*PG 6 /2017* **അഖില ലോക മലയാളി കരിസ്മാറ്റിക് സംഗമം**

അഖില ലോക മലയാളി കരിസ്മാറ്റിക് സംഗമം ഇരിങ്ങാലക്കുട ആളൂർ ലൂമൻ യൂത്ത് സെന്റർ ഗ്രൗണ്ടിൽ 2017 ആഗസ്റ്റ് 12 ശനി മുതൽ 15 ചൊവ്വ വരെയുള്ള ദിവസങ്ങളിൽ നടക്കും. സംഗമത്തിന്റെ രജിസ്ട്രേഷനുകൾ ആരംഭിച്ചു. കരിസ്മാറ്റിക് നവീകരണത്തിന്റെ ജൂബിലി വർഷത്തിൽ നടക്കുന്ന സംഗമത്തിന് കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ നേതൃത്വം നൽകും.

സി.ബി.സി.സി. പ്രസിഡന്റ് കർദ്ദിനാൾ ക്ലീമ്മീസ് മാർ ബസേലിയോസ് കാതോലിക്കാ ബാവ, സീറോ മലബാർ സഭാദ്ധ്യക്ഷൻ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി, കെ.സി.ബി.സി. പ്രസിഡന്റ് മാർ സൂസൈപാക്യം എന്നിവരുൾപ്പെടെ നിരവധി മെത്രാൻമാരും അനുഗൃഹീത വചനപ്രഘോഷകരും സന്ദേശം നൽകുന്നു. സംഗീത ശുശ്രൂഷകൾക്ക് റെക്സ് ബാന്റ് നേതൃത്വം നൽകും.

*Director*

## അല്മായ ഫ്രാൻസിസ്കൻ സഭ

*SFO 25/2017* **രോഗപ്രതിരോധ മരുന്നു വിതരണം**

വണ്ടമറ്റം ഭ്രാതൃത്വം മഴക്കാലരോഗങ്ങൾക്ക് പ്രതിവിധിയായി ഹോമിയോ മരുന്ന് വിതരണം ചെയ്തു. 18-06-2017-ൽ വി. കുർബാനയ്ക്കുശേഷം 7.00 മണി മുതൽ 11.30 വരെ 900 ആളുകൾ മരുന്നുകൾ സ്വീകരിച്ചു. തുടർന്ന് ഡോ. മരിയറ്റ് കല്ലുവേലിൽ ക്ലാസ്സുകൾ നയിച്ചു.

*SFO 26/2017* **രാത്രി ആരാധന**

ജൂൺ 2-ാം തീയതി പുറപ്പുഴ സെന്റ് ആന്റണീസ് ആശ്രമദൈവാലയത്തിൽ വച്ച് അല്മായ ഫ്രാൻസിസ്കൻ സഭയുടെ പതിവുള്ള രാത്രി ആരാധന നടത്തി. ജൂലൈ മാസത്തിലെ രാത്രി ആരാധന ആദ്യവെള്ളിയാഴ്ച രാത്രി 9.00 pm-ന് പുറപ്പുഴ ആശ്രമദൈവാലയത്തിൽ ആരംഭിക്കുന്നു.

*SFO 27/2017* **ഫാത്തിമാവർഷാചരണം**

വണ്ടമറ്റം ഭ്രാതൃത്വം ജൂൺ 13-ാം തീയതി ഫാത്തിമ വർഷാചരണത്തിന്റെ ഭാഗമായി ആഘോഷമായ വി. കുർബാനയും തുടർന്ന് നൊവേനയും പാച്ചോർ നേർച്ച വിതരണവും നടത്തി.

*SFO 28/2017* **യുവജന കൂട്ടായ്മ**

ഫ്രാൻസിസ്കൻ യുവജന കൂട്ടായ്മ പുറപ്പുഴ സെന്റ് ആന്റണീസ് ആശ്രമത്തിൽ വച്ച് പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ ആചരിച്ചു. വി. കുർബാന, സ്നേഹവിരുന്ന് എന്നിവയുണ്ടായിരുന്നു. തുടർന്നു നടന്ന യോഗത്തിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

*Director*

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 13 /2017* **സി.സി. വാർഷികം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കോതമംഗലം സെൻട്രൽ കൗൺസലിന്റെ അമ്പത്തി ഒമ്പതാമത് വാർഷികം മെയ് 28-ന് നെസ്റ്റ്-ൽ വച്ച് നടന്നു. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് വാർഷികം ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് അഡ്വ. ബാബു കുമ്പളാങ്കൽ അദ്ധ്യക്ഷത വഹിച്ചു. ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഡോ. സ്റ്റാൻലി കുന്നേൽ, നാഷണൽ കൗൺസിൽ കൺസീലിയേഷൻ കമ്മിറ്റി ചെയർമാൻ ബ്ര. പി.ഐ. ജോസഫ് പെരിയക്കോട്ടിൽ തുടങ്ങിയവർ സംസാരിച്ചു. സി.സി. സെക്രട്ടറി ബോബി ജോസഫ് തെക്കേച്ചെരുവിൽ റിപ്പോർട്ടും, ജെയിംസ് മുണ്ടത്താനത്ത്, കുരിയാച്ചൻ വാളോത്തിൽ എന്നിവർ കണക്കുകളും അവതരിപ്പിച്ചു. ഏറ്റവും നല്ല കോൺഫ്രൻസുകൾക്കുള്ള ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കിയ സെന്റ് ആന്റണീസ് പൈങ്ങോട്ടൂർ, സെന്റ് സെബാസ്റ്റ്യൻസ് ആനിക്കാട്, ലൂർദ്ദ് മാതാ തലയനാട്, ഏറ്റവും നല്ല വനിതാ കോൺഫ്രൻസിനുള്ള ട്രോഫി കരസ്ഥമാക്കിയ സെന്റ് ജോർജ് വനിതാ മുതലക്കോടം, ഏറ്റവും നല്ല ഏരിയ കൗൺസിലായി തെരഞ്ഞെടുക്കപ്പെട്ട കീരമ്പാറ ഏരിയാ കൗൺസിൽ എന്നിവർ അഭിവന്ദ്യ പിതാവിൽ നിന്നും ട്രോഫികൾ ഏറ്റുവാങ്ങി. സെൻട്രൽ കൗൺസിൽ



കുട്ടികൾക്കായി നടത്തിയ മത്സരവിജയികൾക്ക് ചടങ്ങിൽ വച്ച് സമ്മാനങ്ങൾ വിതരണം ചെയ്തു. അംഗങ്ങളുടെ കുട്ടികളിൽ SSLC, +2 ക്ലാസ്സുകളിൽ Full A+ വാങ്ങിയ കുട്ടികളെ ചടങ്ങിൽ വച്ച് ആദരിച്ചു. എറണാകുളം ജില്ലയിലെ ഏറ്റവും നല്ല കൃഷി അസിസ്റ്റന്റായി തെരഞ്ഞെടുക്കപ്പെട്ട കോതമംഗലം എഡി പ്രസിഡന്റ് സാജു ഇടപ്പുളവനെയും കോതമംഗലം ഓസാനാ സെന്റർ നിർമ്മാണത്തിന് ഒരു ലക്ഷം രൂപയിലധികം സ്പോൺസർഷിപ്പ് നൽകിയവരെയും ചടങ്ങിൽ വച്ച് ആദരിച്ചു.

*SV 13 /2017* **പ്രസിഡന്റ്സ് മീറ്റ്**

കോതമംഗലം സെൻട്രൽ കൗൺസിലിന് കീഴിലുള്ള എല്ലാ കോൺഫ്രൻസ് പ്രസിഡന്റുമാർക്കുമായി ഒരു ഏകദിന ശില്പശാല തൊടുപുഴ ഓസാനാ ഹോമിൽ വച്ച് നടത്തി. നാഷണൽ കൗൺസിൽ പ്രസിഡന്റ് ഉദ്ഘാടന കർമ്മം നിർവഹിച്ചു. സെൻട്രൽ കൗൺസിലിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദമായ ചർച്ചകൾ നടന്നു. ജൂബിലി വർഷത്തിലേക്ക് കടക്കുന്ന സൊസൈറ്റിയുടെ വരുന്ന വർഷത്തെ പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കി.

*Animator*

## NESTT Programme

**Ph. 0485 - 2830033**

| | | |
|---|---|---|
| July | 5 | - ആശാകിരണം : കാൻസർ സുരക്ഷാനിധി |
| " | 5 - 7 | - വിവാഹഒരുക്ക സെമിനാർ |
| " | 7 - 9 | - Jesus Youth Kerala Team |
| " | 7 | - CML Managing Committee |
| " | 13 - 15 | - വിവാഹഒരുക്ക സെമിനാർ |
| " | 15 | - ബുക്ക് റിലീസിംഗ് : പഴയനിയമത്തിന് ഒരു ആമുഖം |
| " | 15 | - Bible and Theological Studies Inauguration |
| " | 15 - 16 | - വിജ്ഞാനഭവൻ പ്രോഗ്രാം |
| " | 19 - 21 | - വിവാഹഒരുക്ക സെമിനാർ |

" 21 - 24 - ന്യൂമാൻ കോളേജ് സ്റ്റുഡൻസ് ധ്യാനം

" 29 - 30 - DFC രൂപത കൗൺസിൽ

*Director*

## Festal Greetings

| | | | |
|---|---|---|---|
| Rev. Fr. | Kachiramattom Kuriakose | **July** | 15 |
| " | Kodakallil Kuriakose | " | 15 |
| " | Kannampally Kuriakose | " | 15 |
| " | Kodamullil Cyriac | " | 15 |
| " | Njaloor Cyriac | " | 15 |
| " | Aikkaramattam James | " | 25 |
| " | Arackal James | " | 25 |
| " | Choorathottiyil James | " | 25 |
| " | Ezhanikatt James | " | 25 |
| " | Kakkuzhi James | " | 25 |
| " | Kalapurackal Jacob | " | 25 |
| " | Kalapurayil James | " | 25 |
| Rev. Fr. | Karakompil James | " | 25 |
| " | Kurianal James | " | 25 |
| " | Mannathukaran Jacob | " | 25 |
| " | Mundolickal James | " | 25 |
| " | Panachickal James | " | 25 |
| " | Puthiyedath Jacob | " | 25 |
| " | Rathappillil Jacob | " | 25 |
| " | Thalappillil Jacob | " | 25 |
| " | Thayyil James | " | 25 |
| " | Vadakekudy James | " | 25 |
| " | Vadakel James | " | 25 |
| " | Vadakumparambil Jacob | " | 25 |
| " | Vararappally James | " | 25 |
| " | Vattappallil Jacob | " | 25 |



## വാർത്തയും വിശേഷങ്ങളും

### NESTT

Muvattupuzha – 686661

TEL: 0485 - 2830033, 9495011191, 8301819456 (Whatsapp)

*E-mail: nesttdirector@gmail.com*

**ബൈബിൾ & ദൈവശാസ്ത്രം പഠനപരിപാടി**

ജൂലൈ 15-ാം തീയതി ശനിയാഴ്ച മുതൽ എല്ലാ ശനിയാഴ്ചകളിലും ഉച്ചകഴിഞ്ഞ് 3 മണി മുതൽ 5.30 വരെ NESTT-ൽ ബൈബിളിലും ദൈവശാസ്ത്രത്തിലും കോഴ്സ് ആരംഭിക്കുന്നു. ബൈബിളിന്റെ വിവിധ ഗ്രന്ഥങ്ങളും അവയുടെ ആശയങ്ങളും സന്ദേശങ്ങളും ഈ പഠനപദ്ധതി പ്രകാരമുള്ള ക്ലാസ്സുകളിൽ വിശദീകരിക്കുന്നു. ദൈവശാസ്ത്രത്തിന്റെ പ്രസക്തിയും അതിന്റെ പ്രധാന മേഖലകളും വിഭാഗങ്ങളും പ്രത്യേകിച്ച്, ക്രിസ്തുവിജ്ഞാനീയം, സഭാവിജ്ഞാനീയം, ത്രിത്വവിജ്ഞാനീയം, ആദ്ധ്യാത്മിക ദൈവശാസ്ത്രം, ധാർമ്മിക ദൈവശാസ്ത്രം എന്നിവയുടെ പഠനവും ഈ കോഴ്സിൽപ്പെടുന്നു.

ക്രൈസ്തവ ജീവിതത്തെ കൂടുതൽ ആഴത്തിൽ അറിയാൻ സഹായകരമായ ഈ പഠനപരിപാടി പ്രത്യേകിച്ച് അൽമായർക്കുവേണ്ടിയുള്ളതാണ്. ബൈബിളിലും ദൈവശാസ്ത്രത്തിലും പ്രത്യേകപരിജ്ഞാനവും പാണ്ഡിത്യവും നേടിയവരായിരിക്കും ക്ലാസ്സുകൾ നയിക്കുന്നത്. ഇതിൽ സംബന്ധിക്കുവാൻ ആഗ്രഹിക്കുന്നവർ വികാരിയച്ചന്റെ പക്കൽ രണ്ടാഴ്ചക്കകം പേരു നൽകേണ്ടതാണ്.

Director, NESTT

### കൗൺസലിംഗ് കോഴ്സ്

വ്യക്തികളുടെ സമഗ്രവളർച്ചയ്ക്കും കുടുംബങ്ങളുടെ കെട്ടുറപ്പിനും സഹായിക്കുന്ന, സഹായിക്കാൻ പ്രാപ്തരാക്കുന്ന കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കൗൺസലിംഗ് കോഴ്സ് കദളിക്കാട് തെക്കുംമല കൃപാനിലയത്തിൽ ഹോളിഫാമിലി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ജൂലൈ 8-ന് ആരംഭിക്കുന്നു. എല്ലാം രണ്ടാം ശനിയാഴ്ചയും 4-ാം ശനിയാഴ്ചയും രാവിലെ 9.30-1.00 വരെയാണ് ക്ലാസ്സുകൾ കൂടുതൽ വിവരങ്ങൾക്ക് : 9447536442, 9447606442

## രൂപതാദ്ധ്യക്ഷന്റെ ഡയറി

**മെയ്**

17 • മുതലക്കോടം ഹോളി ഫാമിലി സ്കൂൾ ഓഫ് നേഴ്സിംഗിലെ വിദ്യാർത്ഥിനികളുടെ Graduation Ceremony ഉദ്ഘാടനം ചെയ്തു.

18 • തൊടുപുഴയിൽ നിർമ്മാണം പൂർത്തിയാക്കിയ മിഷൻലീഗിന്റെ പുതിയ ഓഫീസ് കെട്ടിടത്തിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു.

20 • MSJ സഭാംഗങ്ങളായ 13 സന്യാസിനിമാരുടെ നിത്യവ്രതവാഗ്ദാന കർമ്മത്തിന് MSJ ജനറലേറ്റിൽ വി. കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

22 • കോതമംഗലം SD പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

23 • അഗതികളുടെ സന്യാസിനീ സഭാംഗമായ സി. ജയ്നി SD യുടെ മൃതസംസ്കാരശുശ്രൂഷയ്ക്ക് കോതമംഗലം SD പ്രൊവിൻഷ്യൽ ഹൗസിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

25 • ബിഷപ്സ് ഹൗസിൽ വച്ച് നടത്തിയ രൂപതാ സംഘടനകളുടെ ഡയറക്ടേഴ്സ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

26 • അഭിവന്ദ്യ തോമസ് പുല്ലോപ്പിള്ളിൽ പിതാവിന്റെ മാതാവ് മറിയാമ്മയുടെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

27 • ആരാധനാസന്യാസിനീ സമൂഹത്തിന്റെ കോഴിപ്പിള്ളിയിലുള്ള മഠത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

• ബിഷപ്സ് ഹൗസിൽ നിന്നും സ്ഥലം മാറി പോകുന്ന ബ. ജോർജ് തെക്കേക്കരയച്ചനെയും ബഹു. മാത്യു കിഴക്കേടത്ത് അച്ചനെയും കൊണ്ടുവിടുന്നതിനായി മുതലക്കോടം പള്ളിയിലും, വടവാതൂർ സെമിനാരിയിലും പോയി.

• നെസ്റ്റിൽ വച്ചു നടന്ന DCMS കുട്ടികളുടെ ധ്യാനത്തിന്റെ സമാപനത്തിൽ സന്ദേശം നല്കി.

28 • സൺഡേ ക്യാറ്റികിസത്തിന്റെ പുതിയ അദ്ധ്യയന വർഷത്തോടനുബന്ധിച്ച് കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും സന്ദേശം നല്കുകയും ചെയ്തു.



• മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടന്ന സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സെൻട്രൽ കൗൺസിലിൽ പങ്കെടുക്കുകയും 59-ാമത് വാർഷികം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

• SD സന്യാസിനീ സമൂഹത്തിന്റെ നവതി ആഘോഷത്തിന്റെ ഭാഗമായി നവസന്യാസിനികളെ കാണുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

29 • ആരക്കുഴ ഇടവകാംഗമായ പുൽപ്പറമ്പിൽ പോൾജോ - സിന്ധു ദമ്പതികളുടെ നാലാമത്തെ കുട്ടിയായ - ഷോൺ പോളിന്റെയും തൊട്ടിയിൽ ജോമോൻ- റീന ദമ്പതികളുടെ നാലാമത്തെ കുട്ടിയായ ഹെൽന ജോമോന്റെയും പ്രവേശകകൂദാശകൾക്കും, ഇവരുടെ രണ്ടാമത്തെ കുട്ടിയായ മരിയ ജോമോന്റെ വി. കുർബാന സ്വീകരണത്തിനും മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു.

30 • സി.എം.സി. കോതമംഗലം പ്രൊവിൻസിലെ വാഴക്കുളം മഠാംഗമായ സി. സേർവിയയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

31 • മുതലക്കോടം ഇടവകാംഗമായ കളപ്പുരയിൽ (ചെമ്പരത്തിക്കൽ) സച്ചിൻ - ജെയ്നി ദമ്പതികളുടെ നാലാമത്തെ കുട്ടിയായ ജെറാർദ്ദിന്റെ പ്രവേശകകൂദാശകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

• ബഹു. ജോസഫ് മക്കോളിൽ അച്ചന്റെ പിതാവ് ചാക്കോ മാത്യുവിന്റെ മൃതസംസ്കാര ശുശ്രൂഷക്ക് ആയവന പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

**ജൂൺ**

1 • കരിമണ്ണൂർ സെന്റ് മേരീസ് ആശുപത്രിയിൽ വി. കുർബാന അർപ്പിക്കുകയും പുതിയതായി ആരംഭിച്ച Total care department-ന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ച് സന്ദേശം നല്കി.

3 • കോതമംഗലം സെന്റ് ജോസഫ് മൈനർ സെമിനാരിയിൽ പുതിയതായി ചേർന്ന 16 വൈദികാർത്ഥികളെ സ്വീകരിച്ച്, വി. കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും, ബ്ര. തോമസ് മുണ്ടുന

ടയിലിന് (ജെറിൻ) വൈദികവസ്ത്രം നല്കുകയും ചെയ്തു.

4 • പന്തക്കുസ്താ തിരുനാളിൽ കത്തീഡ്രലിൽ വി. കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

• MST സൊസൈറ്റിയുടെ സ്ഥാപനമായ Impact - ൽ സെമിനാരി വിദ്യാർത്ഥികൾക്ക് വേണ്ടി നടത്തിയ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

5 • ആരക്കുഴ ഇടവകാംഗമായ വേങ്ങാപ്പിള്ളിൽ ചാൾസ് (ജോർജ്) മേരി (ജോസ്ഫിൻ) ദമ്പതികളുടെ വിവാഹം ആശീർവദിച്ചു.

• കോതമംഗലം ബിഷപ്സ് ഹൗസിൽ വച്ചു നടന്ന DFC രൂപതാ സമ്മേളനത്തിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു.

6–8 • 6–ാം തീയതി പാലാരിവട്ടം POC യിൽ വച്ചു നടന്ന കെ.സി. ബി.സി. മീറ്റിംഗിൽ പങ്കെടുത്തു.

10 • നെല്ലിമറ്റം ഇടവകാംഗമായിരുന്ന ബഹു. പീച്ചാട്ടച്ചന്റെ മരണ വാർഷികത്തിന്റെ ഭാഗമായി നെല്ലിമറ്റം ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ചു പ്രാർത്ഥിച്ചു.

• മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന കെ.സി. വൈ.എം. സംസ്ഥാന സമിതിയുടെ അർദ്ധവാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു.

• വാഴക്കുളം വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ചു നടന്ന കോതമംഗലം രൂപത വിശ്വാസ പരിശീലന സംഗമം ഉദ്ഘാടനം ചെയ്തു.

• കുണിഞ്ഞി സെന്റ് ആന്റണീസ് ഇടവകയിൽ നിർമ്മിച്ച പള്ളിയുടെ സെന്റിനറി മെമ്മോറിയൽ ഹാൾ വെഞ്ചരിക്കുകയും തുടർന്ന് ഇടവക മദ്ധ്യസ്ഥനായ വി. അന്തോണീസിന്റെ തിരുനാളിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നല്കുകയും ചെയ്തു.

11 • കോഴിപ്പിള്ളി ബോയ്സ് ടൗണിൽ വിശ്വാസപരിശീലനത്തിന് തുടക്കം കുറിച്ചുകൊണ്ട്. വി. കുർബാന അർപ്പിക്കുകയും സന്ദേശം നല്കുകയും ചെയ്തു.



• മോൺ. മാത്യു വെള്ളാങ്കലിന്റെ സഹോദരി അന്നക്കുട്ടി പൈലി ചൊള്ളാമഠത്തിലിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

12 • ഇടുക്കി രൂപതയിൽപ്പെട്ട തീർത്ഥാടനകേന്ദ്രമായ കാമാക്ഷി സെന്റ് ആന്റണീസ് ദൈവാലയത്തിൽ വി. അന്തോണീസിന്റെ തിരുനാളിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

14 • മാലിപ്പാറ ഇടവകാംഗമായ കരിപ്പാചിറയിൽ രാജേഷ് -ഷിജി ദമ്പതികളുടെ നാലാമത്തെ കുട്ടിയായ റോസയുടെ പ്രവേശക കൂദാശകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

• കോതമംഗലം രൂപത സെന്റ് ജോസഫ്സ് മൈനർ സെമിനാരിയിൽവച്ചു നടന്ന വൊക്കേഷൻ പ്രൊമോട്ടേഴ്സ് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

15 • മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ വി. കുർബാന അർപ്പിക്കുകയും സന്ദേശം നല്കുകയും അദ്ധ്യയനവർഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

16 • പ്രെയർ ഗ്രൂപ്പിന്റെ കോതമംഗലം സബ്–സോൺ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

17 • കല്ലാനിക്കൽ ഇടവകാംഗമായ അടയ്ക്കനാട്ട് സാബു – ഷിജി ദമ്പതികളുടെ നാലാമത്തെ കുട്ടിയായ മാത്യു (ഇവാൻ)വിന്റെ പ്രാവേശക കൂദാശകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

• മൂവാറ്റുപുഴ നെസ്റ്റിൽ വച്ചു നടന്ന KCSL–ന്റെ സമ്മേളനത്തിൽ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്യുകയും സന്ദേശം നൽകുകയും ചെയ്തു.

• കോട്ടയം അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്ത മാർ കുര്യാക്കോസ് കുന്നശ്ശേരിയുടെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

18 • വാഴക്കാല സെന്റ് മേരീസ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

## Bishop's Engagements

**July 2017**

| | | | | |
|---|---|---|---|---|
| 1 | Sat | Holy Qurbana | Kokkamangalam | 5.00 pm |
| 2 | Sun | Holy Qurbana | Ramanathapuram | 2.00 pm |
| 5 | Wed | Cancer Patients' Gathering | NESTT | |
| 8 | Sat | KRCC Meeting at Osanam Home | Thodupuzha | 9.30 am |
| | | Mission League Inauguration | NESTT | 10.00 am |
| | | Holy Qurbana - Jesus Youth | NESTT | 11.30 am |
| 10 | Mon | Holy Qurbana | Thankalam | 6.00 am |
| 11 | Tue | Holy Qurbana | Kappad Ashram | 11.00 am |
| 13 | Thu | Pre-marriage Class | NESTT | 3.00 pm |
| 15 | Sat | Catechism new teachers | NESTT | 10.00 am |
| | | Holy Qurbana & Blessing of the Presbytery | Vadattupara | 3.00 pm |
| 16 | Sun | Pastoral Visit | Kadalikad | |
| 18-20 | | CLC Meeting | Kakkanad | |
| 22 | Sat | Ordination | Muvattupuzha | 9.15 am |
| 23 | Sun | Pastoral Visit | Mulappuram | |
| 25-26 | | Young Priests' Seminar | NESTT | |
| 27 | Thu | Holy Qurbana | Bharananganam | 11.00 am |
| 29 | Sat | Holy Qurbana - Baptism | Meenkunnam | 3.30 am |
| | | DFC Camp | NESTT | 5.00 pm |
| 30-Aug 4 | | Priests Grand Conference | Attapady | |

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോസഫ് പ്ലാത്തോട്ടം | ചരമദിനം | 01-08-1970 |
| ഫാ. ജോസഫ് എടപ്പാട്ടുകാവുങ്കൽ | ” | 06-08-2003 |
| ഫാ. വർഗീസ് നമ്പ്യാപറമ്പിൽ | ” | 07-08-1994 |
| ഫാ. ജോസഫ് കോയിക്കക്കുടി (Sr.) | ” | 07-08-2002 |
| ഫാ. ജോർജ്ജ് എടാട്ടേൽ | ” | 16-08-2010 |
| ഫാ. ജേക്കബ് തേവർപാടം | ” | 18-08-2008 |
| ഫാ. മാത്യു മാതേയ്ക്കൽ | ” | 25-08-1984 |
| ഫാ. ജോസ് കോടമുള്ളിൽ | ” | 28-08-2015 |
| ഫാ. സഖറിയാസ് പിട്ടാപ്പിള്ളിൽ | ” | 31-08-2000 |



## നിര്യാതരായി

### റവ. സി. മേരി ഡിക്രൂസ് SH (മുല്ലക്കരിയിൽ)

ഇടവക : പുറപ്പുഴ
ജനനം : 15-06-1933
ആദ്യവ്രതം : 05-05-1952
നിത്യവ്രതം : 02-05-1957
മരണം : 04-06-2017
മൃതസംസ്കാരം : 06-06-2017 (മൈലക്കൊമ്പ്)

### റവ. സി. മേരി ജെനറ്റ് SH (പുളിക്കൽ)

ഇടവക : നാകപ്പുഴ
ജനനം : 11-11-1934
ആദ്യവ്രതം : 02-05-1960
നിത്യവ്രതം : 02-05-1963
മരണം : 05-06-2017
മൃതസംസ്കാരം : 06-06-2017 (മൈലക്കൊമ്പ്)

### റവ. സി. ഉഷാ റാണി FCC (വെട്ടിക്കുഴിയിൽ)

ഇടവക : ഏഴല്ലൂർ
ജനനം : 09-03-1945
ആദ്യവ്രതം : 01-05-1971
നിത്യവ്രതം : 01-05-1977
മരണം : 22-06-2017
മൃതസംസ്കാരം : 24-06-2017 (ഈസ്റ്റ് വാഴപ്പിള്ളി)